യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 | ജനുവരി 2016 | ലക്കം 1




## പുതുവർഷത്തിൽ പൂർണ സമർപ്പണം

ആൻഡ്രൂ മുറേ

## പുതുവർഷത്തിൽ പുതിയ പംക്തി
## സ്വർഗ്ഗീയ ഭവനം ഭൂമിയിൽ

സാക് പുന്നൻ

JEEVAMOZHIKAL
# ജീവമൊഴികൾ

**നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ** *(യോഹ. 6:68)*

വാല്യം 14 ജനുവരി 2016 ലക്കം 1

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃപ്പൂണിത്തുറ | 9037472484 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*


## പുതിയ സൃഷ്ടിയുടെ അനുഭവം



സ്വന്തം ശ്രമം കൊണ്ടു പുതു ജീവൻ നമുക്കു ലഭ്യമാകുകയില്ല. കയ്പുള്ള കായുണ്ടാകുന്ന മരത്തിനു മധുരഫലം തരാൻ സാധ്യമല്ല. എന്നാൽ അതിനെ മധുര ഫലം തരുന്ന മരത്തോട് ഒട്ടിച്ചു ചേർക്കാൻ കഴിയുമല്ലോ. ഇതുപോലെ പാപിയായ മനുഷ്യനെ ക്രിസ്തുവിനോട് ഒട്ടിച്ചു ചേർക്കാം. അപ്പോൾ ക്രിസ്തുവിന്റെ ജീവൻ അവനിൽക്കൂടി ഒഴുകി അവനെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. ഇതത്രേ രക്ഷ.

*-സാധു സുന്ദർസിങ്*

## ഭാരം ഒഴിവാക്കുക




എല്ലാ കയ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെ. 4:31-32).

## എഡിറ്റോറിയൽ



# സമർപ്പണത്തെ പരിശോധിക്കുക

**ഒരു** വർഷം അവസാനിക്കുമ്പോൾ, പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ, പലർക്കും ഖേദം ബാക്കി നില്ക്കും - പിന്നിട്ട വർഷത്തിൽ വേണ്ടതുപോലെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കഴിഞ്ഞ പുതുവത്സരത്തിൽ എടുത്ത പ്രതിജ്ഞകൾ അല്പായുസ്സായി. ഗൗരവമായി കാര്യങ്ങളെ സമീപിക്കാൻ കഴിയാതെ പോയി.. എന്നിങ്ങനെ.

എന്തുകൊണ്ടാണു പല നല്ല തീരുമാനങ്ങളും നടപ്പിലാക്കാൻ കഴിയാതെ പോകുന്നത്?

'ഒരു നദിക്കും അതിന്റെ ഉത്ഭവ സ്ഥലത്തിനും ഉപരിയായ സ്ഥലത്തേക്ക് ഒഴുകാനാവില്ല' എന്നു പറയാറുള്ളതാണ് ഈ ചോദ്യത്തിനുള്ള മറുപടി. ഉത്ഭവത്തിൽ നിന്നു താഴേക്കു മാത്രമേ നദിക്ക് ഒഴുകുവാൻ കഴിയുകയുള്ളു എന്നതുപോലെ ഒരു കാര്യത്തിലുള്ള നമ്മുടെ ഉത്സാഹങ്ങൾക്കും ശുഷ്കാന്തികൾക്കും അതു സംബന്ധിച്ചുള്ള നമ്മുടെ പ്രതിബദ്ധതയ്ക്കു (Commitment) താഴെ മാത്രമേ നിലകൊള്ളാൻ കഴിയുകയുള്ളു. ഒരു കാര്യത്തിലുള്ള നമ്മുടെ പ്രതിബദ്ധതയെ കവിയുന്ന പ്രവർത്തനങ്ങളും ശുഷ്കാന്തിയും നമുക്കു പ്രകടിപ്പിക്കാനാവില്ല. അതുകൊണ്ടു തന്നെ പോയ വർഷത്തിൽ ആത്മീയ കാര്യങ്ങളിൽ വേണ്ടതുപോലെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നു കാണുമ്പോൾ പുതുവർഷത്തിൽ കൂടുതൽ പ്രവർത്തിക്കാം എന്നു പ്രതിജ്ഞയെടുത്തതുകൊണ്ടു പ്രയോജനമില്ല. മറിച്ച് ആത്മീയത സംബന്ധിച്ച നമ്മുടെ പ്രതിബദ്ധത, അതിനോടുള്ള സമർപ്പണം, എത്രത്തോളമുണ്ട് എന്ന് ഉത്ഭവത്തിലേക്കു പോയി പരിശോധിക്കുകയാണു വേണ്ടത്. അതു കുറവാണെന്നു കണ്ടാൽ ആഴെക്കുഴിച്ചു (ലൂക്കൊ. 6:48) കൂടുതൽ സമർപ്പണത്തിലേക്കു വരികയാണു കരണീയം. കാരണം നമ്മുടെ സമർപ്പണത്തെ കവിയുന്ന ഉത്സാഹം നമുക്ക് ഒരു കാര്യത്തിലും പുലർത്താൻ കഴിയുകയില്ല. ആത്മീയ കാര്യങ്ങളിലും ▶

**യേശുവിനെ പോലെ 'പിതാവേ, എന്റേതെല്ലാം നിന്റേതാണ്' എന്നു പുതുവർഷത്തിൽ പറയുവാൻ കഴിയുമോ? നമ്മുടെ സമർപ്പണം ഒരു സംഭാവന നൽകുന്നതുപോലെ ആഴം കുറഞ്ഞ ഒന്നായിരിക്കുന്നതിനു പകരം നമ്മുടെ ജീവനെ തന്നെ സ്പർശിക്കുന്ന ഒരു പൂർണ പ്രതിബദ്ധതയായി മാറിയാലേ അതു കഴിയൂ. സംശയമില്ല.**

അങ്ങനെ തന്നെ.

ആത്മീയ കാര്യങ്ങളിലെ സമർപ്പണത്തിന്റെ ആഴക്കൂടുതലും കുറവും വ്യക്തമാക്കുന്ന രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒരു പിടക്കോഴിയും ആട്ടിൻ കുട്ടിയും നല്ല സുഹൃത്തുക്കളായിരുന്നു. അവർ ഒരു സായാഹ്ന സവാരിക്കിറങ്ങി. വഴിയരികലെ ബോർഡുകളൊക്കെ വായിച്ച്, കാഴ്ചകളൊക്കെ കണ്ട് അലസമായ ഒരു നടപ്പ്. ഒരു ഹോട്ടലിനു മുൻപിൽ അവർ എത്തിയപ്പോൾ അവിടെ ഇങ്ങനെ ഒരു ബോർഡ് – 'പ്രഭാത ഭക്ഷണം – 100 രൂപ മാത്രം. വിഭവങ്ങൾ: അപ്പം, മട്ടൺ കറി, ഓംലറ്റ്, ചായ.'

ബോർഡു വായിച്ച പിടക്കോഴി ഒരു നേരിയ ചിരിയോടെ ഇങ്ങനെ പറഞ്ഞു: "ഈ മനുഷ്യരൊക്കെ ഇത്ര മിടുക്കന്മാരാണെന്നു പറഞ്ഞിട്ടെന്താ? ഇവർക്കുള്ള പ്രഭാത ഭക്ഷണം നമ്മൾ വേണം ഒരുക്കിക്കൊടുക്കാൻ. കണ്ടോ? ഞാൻ മുട്ട ഓംലെറ്റ് നൽകുന്നു. താങ്കൾ മട്ടൺ കറിയും കൊടുക്കുന്നു."

രസകരമായ ഒരു കമന്റ് പറഞ്ഞിട്ടും ആട്ടിൻ കുട്ടിയിൽ നിന്നു മറുപടി ഒന്നും ഉണ്ടാകാതിരുന്നപ്പോൾ പിടക്കോഴി ആട്ടിൻ കുട്ടിയുടെ മുഖത്തേക്കു പാളി നോക്കി. അവിടെ ആട്ടിൻ കുട്ടിയുടെ കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ ഉരുണ്ടു കൂടുന്നതാണ് പിടക്കോഴി കണ്ടത്. പിടക്കോഴി പരിഭ്രാന്തയായി: "എന്താ, എന്താ, എന്താ നീ കരയുന്നത്?"

ആട്ടിൻ കുട്ടി കണ്ണുനീർ തുടച്ചുകൊണ്ട് മെല്ലെ ഇങ്ങനെ പറഞ്ഞു: "അല്ല, ഞാൻ ഓർക്കുകയായിരുന്നു: മുഷ്യർക്കു പ്രഭാത ഭക്ഷണം നൽകുന്നതു നിന്നെ സംബന്ധിച്ചിടത്തോളം ഒരു സംഭാവന (contribution) മാത്രമാണ്. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളമോ? അത് എന്റെ ജീവൻ തന്നെ നൽകുന്ന ഒരു പ്രതിബദ്ധതയാണ് (commitment)."

ആട്ടിൻ കുട്ടി പറഞ്ഞതിന്റെ പൊരുൾ ഇങ്ങനെ: പ്രഭാത ഭക്ഷണത്തിൽ ഓംലെറ്റ് ഉണ്ടാക്കാൻ മുട്ട നൽകുന്നതു പിടക്കോഴിയുടെ ഒരു സംഭാവന മാത്രമാണ്. മുട്ട നൽകിക്കഴിഞ്ഞും പിടക്കോഴിയുടെ ജീവിതം സാധാരണപോലെ തുടരുകയാണ്. അതേസമയം മട്ടൺകറി ഉണ്ടാകണമെങ്കിൽ ആട്ടിൻ കുട്ടിക്കു നൽകേണ്ടി വരുന്നത് സ്വന്തം ജീവൻ തന്നെയാണ്.

കഥ നില്ക്കട്ടെ; നമുക്കു കാര്യത്തിലേക്കു വരാം. ക്രിസ്തീയ ലോകത്ത് ആത്മീയതയുമായി ബന്ധപ്പെട്ട് രണ്ടു നിലപാടുകളെയാണു യഥാക്രമം പിടക്കോഴിയും ആട്ടിൻകുട്ടിയും പ്രതിനിധാനം ചെയ്യുന്നത്. ആത്മീയതയോടുള്ള സമർപ്പണം, ഇന്നു പലരെ സംബന്ധിച്ചും ഒരു സംഭാവന നൽകുന്നതുപോലെ മാത്രമാണ്. തൊലിപ്പുറമേയുള്ള കാര്യം. അവരുടെ ജീവനെ അതു സ്പർശിക്കുന്നില്ല. അവർ പല കാര്യങ്ങളിൽ ഏർപ്പെടുന്നു. തൊഴിൽ, സാമൂഹിക ബന്ധങ്ങൾ, വിനോദങ്ങൾ... ഇവയെല്ലാം ഉണ്ട്. ഉവ്വ്, ആത്മീയതയ്ക്കും അതിന്റേതായ ചെറിയ ഒരിടം ഉണ്ട്. അതിനെ മുഴുവനായി ഒഴിവാക്കുന്നില്ല. തിങ്കൾ മുതൽ ശനി വരെ ഒരു സെക്കുലർ ജീവിതം. ഉവ്വ്, ഞായറാഴ്ച ഉച്ചവരെ അവർ 'ആരാധന'യ്ക്കും മാറ്റി വയ്ക്കുന്നു! നൂറിൽ 90 രൂപ അവരുടെ ഇഷ്ടംപോലെ ചെലവഴിക്കുന്നു. എന്നാൽ 10 രൂപ ആത്മീയ കാര്യങ്ങൾക്കായി മാറ്റി വച്ചിട്ടുണ്ടല്ലോ. കൈസർക്കുള്ളതു കൈസർക്ക്; ദൈവത്തിനുള്ളത് ദൈവത്തിന്. എല്ലാറ്റിനും കൃത്യമായ ഒരു വിഭജനം ഉണ്ട്. മിടുക്കന്മാരും 'ജീവിക്കാൻ അറിയാവുന്നവരും' ആണവർ. ഇവരുടെ ജീവിതം വാസ്തവത്തിൽ ഭൗതികമെന്നും ആത്മീയമെന്നും രണ്ടായി


▶ ശേഷം പേജ് 41

സന്ദേശം

# പുതുവർഷത്തിൽ പൂർണ സമർപ്പണം

ആൻഡ്രൂ മുറേ

**അരാം** രാജാവായ ബെൻ-ഹദദ് തന്റെ സൈന്യത്തെ ഒക്കെയും ഒന്നിച്ചു കൂട്ടി; അവനോടുകൂടെ മുപ്പത്തിരണ്ടു രാജാക്കന്മാരും കുതിരകളും രഥങ്ങളും ഉണ്ടായിരുന്നു; അവൻ പുറപ്പെട്ടു വന്നു ശമര്യയെ നിരോധിച്ച് അതിന്റെ നേരെ യുദ്ധം ചെയ്തു. അവൻ യിസ്രായേൽ രാജാവായ ആഹാബിന്റെ അടുക്കൽ പട്ടണത്തിലേക്കു ദൂതന്മാരെ അയച്ചു അവനോടു: നിന്റെ വെള്ളിയും പൊന്നും എനിക്കുള്ളത്. നിന്റെ സൗന്ദര്യമേറിയ ഭാര്യമാരും പുത്രന്മാരും എനിക്കുള്ളവർ എന്നിങ്ങനെ



*പേന എന്റെ കൈക്കു സമ്പൂർണമായി വിധേയപ്പെട്ടിരുന്നാൽ മാത്രമേ ശരിയായി എഴുതുവാൻ കഴിയൂ. മറ്റൊരാൾ കൂടി അതിൽ പിടിച്ചാൽ എനിക്ക് അതു ശരിയായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല.*

ബെൻ-ഹദദ് പറയുന്നു എന്നു പറയിച്ചു. അതിനു യിസ്രായേൽ രാജാവ് എന്റെ യജമാനനായ രാജാവേ നീ പറഞ്ഞതുപോലെ ഞാനും എനിക്കുള്ളതൊക്കെയും നിനക്കുള്ളതു തന്നേ എന്നു മറുപടി പറഞ്ഞയച്ചു (1 രാജാക്കന്മാർ 20:1-4).

ബെൻ-ഹദദ് ആവശ്യപ്പെട്ടതു സമ്പൂർണ സമർപ്പണമാണ്. ആഹാബ് നൽകിയതും അതു തന്നെ - സമ്പൂർണ സമർപ്പണം.

'എന്റെ യജമാനനായ രാജാവേ, അവിടുന്ന് ആവശ്യപ്പെട്ടതുപോലെ ഞാനും എനിക്കുള്ളതൊക്കെയും അങ്ങേയ്ക്കുള്ളതു തന്നെ' എന്ന ഏറ്റു പറച്ചിലോടെ ഓരോ ദൈവപൈതലും തന്റെ പിതാവിനു മുമ്പിൽ സമ്പൂർണമായി സമർപ്പിക്കേണ്ടിയിരിക്കുന്നു.

നാം ഈ കാര്യം നേരത്തെ കേട്ടിട്ടുണ്ട്. പക്ഷേ ഇന്നു സമ്പൂർണ സമർപ്പണത്തിന്റെ സന്ദേശം നമ്മെ ഓരോരുത്തരേയും സംബന്ധിച്ചു പ്രത്യേകമായി കേൾക്കേണ്ടതുണ്ട്. ദൈവിക അനുഗ്രഹത്തിനുള്ള വ്യവസ്ഥ ഒന്നു മാത്രം - സമ്പൂർണ സമർപ്പണം. ദൈവത്തിനു സ്തോത്രം! നമ്മുടെ ഹൃദയം അതിന് ഒരുക്കപ്പെടുമെങ്കിൽ, ദൈവികാനുഗ്രഹത്തിനും ദൈവം നമുക്കുവേണ്ടി ചെയ്യുന്നതിനും അതിരുകളുണ്ടായിരിക്കുകയില്ല.

ദൈവകരങ്ങളിൽ സമ്പൂർണമായി സമർപ്പിക്കുവാൻ നിങ്ങൾ തയ്യാറാണോ? ഈ ചോദ്യത്തിന് 'അതേ' എന്നു മറുപടി പറഞ്ഞിട്ടുള്ള നൂറുകണക്കിനു ഹൃദയങ്ങളുണ്ട്. 'ആഗ്രഹമുണ്ട്. പക്ഷേ പറയാൻ ധൈര്യമില്ല' എന്ന അവസ്ഥയിലുള്ള ആളുകളും നൂറുകണക്കിനുണ്ട്. സമ്പൂർണമായി സമർപ്പിക്കുന്നുവെന്നു പറഞ്ഞശേഷം ദയനീയമായി പരാജയപ്പെട്ട വരാണു മറ്റൊരു കൂട്ടർ. വിജയകരമായ ജീവിതത്തിനുള്ള ശക്തിയുടെ രഹസ്യം മനസ്സിലാക്കാതെ സ്വയനിന്ദയിൽ ഇവർ കാലം കഴിക്കുന്നു. ഇക്കൂട്ടർക്കെല്ലാം വേണ്ട സന്ദേശം ദൈവം നൽകുമാറാകട്ടെ.

**ദൈവം പ്രതീക്ഷിക്കുന്നു**

സമ്പൂർണ സമർപ്പണം - ദൈവം അതു നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നു. അവകാശപ്പെടുന്നു.

ദൈവത്തിന്റെ സകല സൃഷ്ടിയും ദൈവത്തോടുള്ള സമ്പൂർണ വിധേയത്വത്തിലാണു കഴിയുന്നത്. ദൈവത്തിന്റെ സൃഷ്ടികളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വൃക്ഷം, പുല്ല്, പൂവ് എല്ലാം ഇതിനുദാഹരണങ്ങളാണ്. ദൈവത്തിന് ഇഷ്ടമുള്ളതെന്തും ചെയ്യാൻ അവ സ്വയം ഏല്പിച്ചു കൊടുത്തിരിക്കുന്നു. ദൈവം അഴക് അണിയിക്കുമ്പോൾ വയലിലെ താമര ദൈവപ്രവൃത്തിക്കായി എത്ര മാത്രം വിധേയപ്പെട്ടു കൊടുക്കുന്നു! എന്നാൽ വീണ്ടെടുക്കപ്പെട്ട ദൈവപൈതൽ വിചാരിക്കുന്നതു പകുതിയോ, ഭാഗികമായോ സമർപ്പിക്കപ്പെട്ടാലും മതി ദൈവം പ്രവർത്തിച്ചു കൊള്ളും എന്നാണ്! ദൈവത്തിന് അതു കഴിയുകയില്ല. അവിടുന്നു സമ്പൂർണമായ ജീവനും സ്നേഹവും അനുഗ്രഹവും ശക്തിയും അനന്തമായ സൗന്ദര്യവുമാണ്. തന്നെ കൈക്കൊള്ളുന്ന മക്കളോടു പരിമിതികളില്ലാതെ ബന്ധപ്പെടുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. പക്ഷേ, ഹാ കഷ്ടം, സമ്പൂർണമായ സമർപ്പണത്തിന്റെ കുറവ് ഒന്നു മാത്രം ദൈവപ്രവൃത്തിയെ തടസ്സപ്പെടുത്തുന്നു.

സമ്പൂർണ സമർപ്പണം എന്താണെന്നു ദൈനംദിന ജീവിതത്തിൽ നമുക്കറിയാം. വ്യക്തമായ, പ്രത്യേകമായ, ലക്ഷ്യത്തിനും സേവനത്തിനും

ഉപയോഗിക്കപ്പെടണമെങ്കിൽ മറ്റെല്ലാം ഉപേക്ഷിക്കേണ്ടതുണ്ട്. എന്റെ കയ്യിലിരിക്കുന്ന പേന, എഴുതുക എന്ന ഏക ലക്ഷ്യത്തിനു വേണ്ടി സ്വയം സമർപ്പിതമാണ്. പേന എന്റെ കൈക്കു സമ്പൂർണമായി വിധേയപ്പെട്ടിരുന്നാൽ മാത്രമേ ശരിയായി എഴുതുവാൻ കഴിയൂ. മറ്റൊരാൾ കൂടി അതിൽ പിടിച്ചാൽ എനിക്ക് അതു ശരിയായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല.

കേവലം ഒരു പേനയുടെ കഥ ഇതാണെങ്കിൽ നിങ്ങൾ പൂർണമായി അവിടുത്തെ കരങ്ങളിൽ ദിവ്യസ്വഭാവം സംബന്ധിച്ച ഒരു പ്രവൃത്തി നിങ്ങളിൽ എങ്ങനെ ചെയ്തെടുക്കുവാൻ കഴിയും? ശലോമോന്റെ ദേവാലയം ദൈവത്തിനായി പൂർണമായി സമർപ്പിക്കപ്പെട്ടതായി നാം വായിക്കുന്നു. നാം ഓരോരുത്തരും ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളാണ്. അതിൽ ദൈവം വസിപ്പാനും തന്റെ വലിയ പ്രവൃത്തി ചെയ്യുവാനുമുള്ള വ്യവസ്ഥ ഒന്നു മാത്രം - സമ്പൂർണ സമർപ്പണം. ദൈവം അത് അവകാശപ്പെടുന്നു. അവിടുന്ന് അതിനു യോഗ്യനാണ്. അതു കൂടാതെ ഒരു പ്രവൃത്തി നമ്മിൽ ചെയ്യുവാനോ നമ്മെ അനുഗ്രഹിക്കുവാനോ അവിടുത്തേക്കു കഴിയുകയുമില്ല.

**ദൈവം പ്രവർത്തിക്കുന്നു**

കേവലം അവകാശപ്പെടുക മാത്രമല്ല, അവിടുന്നു പ്രവർത്തിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദൈവമാണ്.

മുഴുവനായി, പൂർണമായി നൽകുകയോ? അതു സാധ്യമാണോ? അതു വിഷമകരമല്ലേ? അങ്ങനെ ചെയ്താൽ മുന്നോട്ടു പോകുക പ്രയാസമല്ലേ? - ഇങ്ങനെയെല്ലാമാണോ നിങ്ങൾ ചിന്തിക്കുനനത്?

ഇതേപ്പറ്റി ഭയവും ആശങ്കയും ഉള്ളവനാണു നിങ്ങളെങ്കിൽ ഈ സന്ദേശം നിങ്ങൾക്കു വേണ്ടിയുള്ളതാണ്. സ്വന്ത ശക്തികൊണ്ടോ ഇച്ഛാശക്തിയുടെ തീവ്രത കൊണ്ടോ പൂർണ സമർപ്പണം നടത്തുവാൻ ദൈവം നിങ്ങളോട് ആവശ്യപ്പെടുന്നില്ല. മറിച്ചു നിങ്ങളിൽ അതു പ്രവർത്തിച്ചെടുക്കുവാൻ അവിടുന്നു തയ്യാറാണ്. ‘ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്’ എന്നു നാം വായിക്കുന്നു. ഇതാണു നാം അന്വേഷിക്കേണ്ടത്. നിത്യനായ ദൈവം താൻ തന്നെ നമ്മിൽ തന്റെ ഹിതം നിവർത്തിച്ചെടുക്കും എന്ന സത്യം നമ്മുടെ ഹൃദയം പഠിക്കുവോളം അവിടുത്തെ മുഖം നമുക്ക് അന്വേഷിച്ചുകൊണ്ടിരിക്കാം.

പഴയനിയമത്തിലെ അബ്രഹാമിനെ നോക്കുക. വിശ്വാസവും അനുസരണവും ഭക്തിയുമുള്ള അബ്രഹാം എന്നൊരുവനെ ദൈവം യാദൃച്ഛികമയി കണ്ടെത്തുകയായിരുന്നോ? അല്ല. മറിച്ചു തന്റെ മഹത്വം വെളിപ്പെടുത്തുവാനുള്ള ഒരു പാത്രമായി ദൈവം അവനെ എഴുന്നേല്പിക്കുകയും ഒരുക്കി എടുക്കുകയുമായിരുന്നു.

‘എന്റെ ശക്തി നിന്നിൽ കാണിക്കേണ്ടതിനായിട്ടല്ലോ നിന്നെ എഴുന്നേൽപിച്ചിരിക്കുന്നത്’ എന്നു ഫറവോനോടു ദൈവം പറഞ്ഞത് ഓർക്കുക.

ഫറവോനെക്കുറിച്ചു ദൈവം അങ്ങനെ പറയുന്നുവെങ്കിൽ തന്റെ മക്കളെക്കുറിച്ച് അത് എത്ര അധികം പറയും.!

സമ്പൂർണ സമർപ്പണത്തെക്കു

**യേശു സമ്പൂർണ സമർപ്പണത്തിന്റെ ഒരു ജീവതമാണു നയിച്ചത്. ഇന്ന് അവിടുത്തെ ഹൃദയം നിനക്കായി കാംക്ഷിക്കുന്നു. സമ്പൂർണ സമർപ്പണത്തിലേക്കു നിന്നെ നയിക്കുവാനുള്ള അവിടുത്തെ ശ്രമത്തെ നീ എത്രയോ വട്ടം തടസ്സപ്പെടുത്തി. എന്നിട്ടും സന്ദേശങ്ങളിലൂടെയും വചനത്തിലൂടെയും യേശു നിന്നെ വിടാതെ ഇപ്പോഴും തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. സമ്പൂർണ സമർപ്പണം നിന്നിൽ പ്രവർത്തിച്ചെടുക്കുവാൻ യേശുവിനെ അനുവദിച്ചുകൊണ്ട് നീ ഇപ്പോൾ വിശ്വസിച്ചു കടന്നു വരികയില്ലേ?**

റിച്ചു ഭയമുള്ളവരോട് അവരുടെ പേടി അസ്ഥാനത്താണെന്നു ഞാൻ പറയട്ടെ. സമർപ്പണത്തിനു വളരെ ദുർബലമായ ആഗ്രഹം മാത്രമേ ഉള്ളുവെന്നാണോ നിങ്ങൾ പറയുന്നത്? എത്ര ദുർബലമാണെങ്കിലും ആ വാഞ്ഛയുമായി ദൈവസന്നിധിയിൽ വരിക. ദൈവത്തെ വിശ്വസിക്കുവാൻ പഠിക്കുക. 'അവിടുന്ന് എന്നെ സമ്മതിപ്പിക്കുവാൻ ഞാൻ സമ്മതമുള്ളവനാണ്' എന്നെങ്കിലും പറയുക. എന്തെങ്കിലും നിങ്ങളെ പിന്നോട്ടു വലിക്കുന്നുണ്ടെങ്കിൽ, ഏതെങ്കിലും ത്യാഗത്തെക്കുറിച്ചു നിങ്ങൾ പേടിയുള്ളവനാണെങ്കിൽ, നിങ്ങളുടെ എല്ലാ ആശങ്കകളുമായി തന്നെ ദൈവത്തിങ്കലേക്കു വരിക. അവിടുന്ന് എത്ര കരുണയുള്ളവനാണെന്നു കണ്ടെത്തുക.

സമ്പൂർണ സമർപ്പണത്തിന്റെ അനുഭവം നിങ്ങളിൽ പ്രവർത്തിച്ചെടുക്കുവാൻ ദൈവം സദാ സന്നദ്ധനാണ്. നിങ്ങളുടെ അന്വേഷണങ്ങൾ, നീതിക്കായുള്ള ദാഹങ്ങൾ, ഹൃദയത്തിലെ വാഞ്ഛകൾ ഇവയെല്ലാം സത്യത്തിൽ ആ ദിവ്യകാന്തത്തിന്റെ (യേശുക്രിസ്തുവിന്റെ) ആകർഷണത്തിന്റെ ഫലമായിരുന്നു. യേശു സമ്പൂർണ സമർപ്പണത്തിന്റെ ഒരു ജീവതമാണു നയിച്ചത്. ഇന്ന് അവിടുത്തെ ഹൃദയം നിനക്കായി കാംക്ഷിക്കുന്നു. സമ്പൂർണ സമർപ്പണത്തിലേക്കു നിന്നെ നയിക്കുവാനുള്ള അവിടുത്തെ ശ്രമത്തെ നീ എത്രയോ വട്ടം തടസ്സപ്പെടുത്തി. എന്നിട്ടും സന്ദേശങ്ങളിലൂടെയും വചനത്തിലൂടെയും യേശു നിന്നെ വിടാതെ ഇപ്പോഴും തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. സമ്പൂർണ സമർപ്പണം നിന്നിൽ പ്രവർത്തിച്ചെടുക്കുവാൻ യേശുവിനെ അനുവദിച്ചുകൊണ്ട് നീ ഇപ്പോൾ വിശ്വസിച്ചു കടന്നു വരികയില്ലേ? അതേ, അവിടുത്തേക്ക് അതു ചെയ്യുവാൻ കഴിയും. അവിടുന്ന് അതു ചെയ്യും.

**ദൈവം അംഗീകരിക്കുന്നു**

ദൈവം അവകാശപ്പെടുകയും പ്രവർത്തിക്കുകയും മാത്രമല്ല സമ്പൂർണ സമർപ്പണത്തെ അംഗീകരിക്കുകയും ചെയ്യുന്ന ദൈവമാണ്.

നമ്മുടെ ഹൃദയത്തിന്റെ രഹസ്യഭാഗങ്ങളിൽ ദൈവം പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവു നമ്മോടു സംസാരിക്കുന്നു. പൂർണ സമർപ്പണത്തിലേക്കു നമ്മെ നയിക്കുന്നു. പക്ഷേ ആ സമ്പൂർണ സമർപ്പണം ദൈവമുമ്പാകെ കൊണ്ടു വരുമ്പോൾ മനഃസാക്ഷിയിലും ചിന്തയിലും

അതിൽ പൂർണതയില്ലെന്നു നമുക്കു തോന്നാം. നാം സംശയിക്കുന്നു, മടിച്ചു നിൽക്കുന്നു; പറയുന്നു: 'ഇതു പൂർണമാണോ?'

എന്നാൽ, 'നിനക്കു വിശ്വസിക്കുവാൻ കഴിയുന്നില്ലയോ? വിശ്വസിക്കുന്നവനു സകലവും കഴിയും' എന്നു യേശു ഒരു മനുഷ്യനോടു പറഞ്ഞ സംഭവം ഓർമ്മിക്കുക (മർക്കൊ. 9:23,24).

യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ അവന്റെ ഹൃദയം ഭയപ്പെട്ടുപോയി. അവൻ നിലവിളിച്ചു. 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തിനു സഹായിക്കണമേ' എന്ന്.

സാത്താനെ ജയിക്കുന്ന വിശ്വാസമായിരുന്നു അത്. അവിടെ ദുഷ്ട ശക്തി പുറത്താക്കപ്പെട്ടതു നാം വായിക്കുന്നു. ഇതേപോലെ നാമും വിറയ്ക്കുന്ന ഹൃദയത്തോടെയാണെങ്കിലും 'കർത്താവേ, ഞാൻ എന്റെ ദൈവത്തിനു പൂർണമായി സമർപ്പിക്കുന്നു' എന്നു പറയുക. ആ ഏറ്റു പറച്ചിലിനെക്കുറിച്ച് 'എനിക്കു പ്രത്യേക ശക്തിയൊന്നും തോന്നിയില്ല. നിശ്ചയ ദാർഢ്യമോ, ഉറപ്പോ ഒന്നും അനുഭവപ്പെട്ടില്ല' എന്നായിരിക്കാം നമുക്ക് ഒരുപക്ഷേ പറയാനുണ്ടാവുക. എങ്കിലും അതു വിജയിക്കും. ഭയപ്പെടാതെ നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ വരിക. നിങ്ങളുടെ വിറയലിനു മധ്യേയും പരിശുദ്ധാത്മാവിന്റെ ശക്തി പ്രവർത്തിക്കും.

മാനുഷിക വശത്ത് എല്ലാം ബലഹീനമായിരിക്കുമ്പോൾ, പരിശുദ്ധാത്മാവു ശക്തിയോടെ പ്രവർത്തിക്കും എന്ന പാഠം നിങ്ങൾ ഇതുവരെ പഠിച്ചിട്ടില്ലേ? ഗത്ശെമനയിലെ യേശുവിനെ നോക്കുക. അവിടുന്ന് 'നിത്യാത്മാവിനാൽ തന്നെത്താൻ അർപ്പിച്ചു'വെന്നാണു നാം ആ സംഭവത്തെക്കുറിച്ചു വായിക്കുന്നത്. സർവശക്തിയുള്ള ആത്മാവാണ് അതിനു യേശുവിനെ സഹായിച്ചത്. എന്നിട്ടും എത്രമാത്രം അതിദുഃഖവും വേദനയും അവിടുന്ന് അനുഭവിക്കുകയും എത്രയേറെ പ്രാർത്ഥിക്കുകയും ചെയ്തു! പുറമേ നോക്കിയാലും ആത്മാവിന്റെ ശക്തമായ പ്രവർത്തനത്തിന്റെ ബാഹ്യലക്ഷണങ്ങളൊന്നും അവിടെ കാണുവാനില്ല. എന്നാൽ ദൈവത്തിന്റെ ആത്മാവ് അവിടെ ഉണ്ടായിരുന്നു. അതുപോലെ നിങ്ങൾ ബലഹീനതയിലും പോരാട്ടത്തിലും പേടിയിലുമായിരിക്കാമെങ്കിലും ദൈവാത്മാവിന്റെ രഹസ്യമായ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ഭയപ്പെടാതെ സ്വയം സമർപ്പിക്കുക.

സമ്പൂർണ സമർപ്പണം, ദൈവം അത് അംഗീകരിക്കും എന്ന വിശ്വാസത്തോടെ ആയിരിക്കട്ടെ. നോട്ടം നിങ്ങളിൽ നിന്നു മാറ്റി സർവ്വശക്തനായ ദൈവത്തിൽ ഉറപ്പിക്കുക. ഈ ഭൂമിയിൽ ഒരു പുഴുവായ ഞാൻ, പാപവും പേടിയും മാത്രം കൈമുതലായുള്ളവൻ, വിറയ്ക്കുന്ന ഹൃദയത്തോടെ പിതാവിന്റെ മുമ്പിൽ മുട്ടുമടക്കിയിരിക്കുന്നു. ഇപ്പോൾ എന്റെ ഹൃദയത്തിലൂടെ എന്താണു കടന്നു പോകുന്നതെന്നു മറ്റാർക്കും അറിയില്ല. ഞാൻ എന്റെ നിഷ്കളങ്കതയിൽ 'ദൈവമേ ഞാൻ അങ്ങയുടെ നിബന്ധനകളെല്ലാം, സമ്പൂർണ സമർപ്പണത്തിനുള്ള അങ്ങയുടെ നിബന്ധനകളെല്ലാം, പൂർണമായി അംഗീകരിക്കുന്നു. അനുഗ്രഹത്തിനായി പ്രാർഥിക്കുന്നു' എന്നു ലളിതമായി പറയുമ്പോൾ അതു കണക്കിലെടുക്കുന്ന ഒരു ദൈവം ഉണ്ട്. തന്റെ പുസ്തക

ത്തിൽ അവിടുന്ന് അതു കുറിച്ചു വയ്ക്കുന്നു. ആ നിമിഷത്തിൽ തന്നെ ദൈവം നമ്മെ പൂർണമായി തന്റെ സ്വന്തമായി എടുക്കുന്നു. നമുക്ക് അതു അനുഭവപ്പെട്ടെന്നിരിക്കില്ല. മനസ്സിലായെന്നും വരികയില്ല. പക്ഷേ ദൈവത്തെ വിശ്വസിക്കുമെങ്കിൽ അവിടുന്നു നമ്മെ തന്റെ അവകാശമായി കൈക്കൊള്ളുക തന്നെ ചെയ്യും.

**ദൈവം കുറവു തീർക്കുന്നു**

സമ്പൂർണ സമർപ്പണം ദൈവം അവകാശപ്പെടുകയും, പ്രവർത്തിച്ചെടുക്കുകയും, അംഗീകരിക്കുകയും മാത്രമല്ല അവിടുന്ന് അതിന്റെ പോരായ്മകളെ പരിഹരിക്കുകയും ചെയ്യുന്നു.

ഇക്കാര്യം വിശ്വസിക്കാനാണു പലർക്കും പ്രയാസം. ആളുകൾ പറയാറുണ്ട്, 'ഞാൻ ആ യോഗത്തിൽ വച്ചു വളരെ ഉത്സാഹിക്കപ്പെട്ടു. എന്നെ തന്നെ ഞാൻ ദൈവത്തിനായി വേർതിരിച്ചു. പക്ഷേ അതെല്ലാം കഴിഞ്ഞുപോയി. ആ ഉണർവ്, ഉത്സാഹം, ഒരാഴ്ചയോ ഒരു മാസമോ നിന്നു. പിന്നീട് അതു തണുത്തു. ഇപ്പോൾ അതെല്ലാം പൊയ്പോയിരിക്കുന്നു.'

പക്ഷേ ശ്രദ്ധിക്കുക: ദൈവമല്ലേ സമ്പൂർണ സമർപ്പണത്തിന്റെ ആ പ്രവൃത്തി നിങ്ങളിൽ ആരംഭിച്ചത്? അവിടുന്നല്ലേ നിങ്ങളുടെ സമർപ്പണത്തെ അംഗീകരിച്ചത്? അങ്ങനെ എങ്കിൽ ആ ദൈവത്തിന് അതു തുടർന്നു ശ്രദ്ധിക്കാനും നിലനിർത്താനും കഴിയുകയില്ലേ? നിങ്ങൾ അതു വിശ്വസിക്കുന്നുവോ?

സമർപ്പണത്തിൽ രണ്ടു പേർ ഉൾപ്പെട്ടിരിക്കുന്നു. ദൈവവും ഞാനും. ഞാൻ ഒരു വെറും കൃമി. ദൈവമാകട്ടെ നിത്യനും സർവശക്തനും. അങ്ങനെ എങ്കിൽ പുഴുവായ ഞാൻ സർവശക്തനായ ദൈവത്തെ വിശ്വസിക്കുവാനും ആശ്രയിക്കുവാനും എന്തിനു ഭയപ്പടണം? ദൈവം നമ്മെ സദാ നിലനിർത്തുവാൻ തയ്യാറാണ്. അങ്ങനെ എങ്കിൽ ദൈവത്തിനു ദിനന്തോറും, നാഴിക തോറും നമ്മെ സൂക്ഷിക്കുവാൻ കഴിയുമെന്ന് എന്തുകൊണ്ടു വിശ്വസിച്ചുകൂടാ? സൂര്യന്റെ പ്രകാശം തടസ്സം കൂടാതെ പകൽ മുഴുവൻ നമുക്കു തരുന്ന ദൈവം തന്റെ ജീവൻ ഓരോ നിമിഷവും നമ്മുടെ മേൽ പ്രകാശിപ്പിക്കാതിരിക്കുമോ?

സമ്പൂർണ സമർപ്പണത്തിന്റെ ജീവിതത്തിന് ബുദ്ധിമുട്ടുകളുണ്ട്. ഞാൻ അതു നിഷേധിക്കുന്നില്ല. മനുഷ്യന് അവനിൽ തന്നെ അത്തരം ഒരു ജീവിതം അസാധ്യം തന്നെയാണ്. എന്നാൽ ദൈവത്തിന്റെ കൃപയാൽ, നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അപ്രകാരം ഒരു ജീവിതം നയിക്കുവാനാണു നമ്മെ വിളിച്ചിരിക്കുന്നത്. നമുക്ക് അതു സാധ്യമാണ്. ദൈവത്തിനു മഹത്വം! ദൈവം ആ ജീവിതത്തെ നിലനിർത്തുക തന്നെ ചെയ്യും.

വരിക, നിങ്ങളുടെ സ്വയജീവൻ യേശുവിന്റെ കാല്ക്കൽ ഇട്ടു കളയുക. എന്നിട്ടു യേശുവിനെ വിശ്വസിക്കുക. എല്ലാം പൂർണമായി മനസ്സിലാകുന്നില്ലല്ലോ എന്നു ഭാരപ്പെടേണ്ട. ക്രിസ്തു തന്റെ മരണത്തിന്റേയും ജീവന്റേയും ശക്തിയോടെ നിങ്ങളിലേക്കു വരുമെന്ന സജീവമായ വിശ്വാസത്തിലേക്കു വരിക. അപ്പോൾ ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു മഹത്വത്തിൽ ജീവിക്കുന്ന കർത്താവ് പൂർണമായി നിങ്ങളുടെ ഹൃദയത്തിൽ വാഴും. ആമേൻ. ■

# സ്വർഗ്ഗീയ ഭവനം ഭൂമിയിൽ

സാക് പുന്നൻ

*(ഞങ്ങളുടെ മൂത്ത പുത്രൻ സഞ്ജയുടെയും കാത്തിയുടെയും വിവാഹവേളയിൽ നൽകിയ സന്ദേശം)*

എന്റെ മൂത്ത മകന്റെ വിവാഹത്തിൽ സംസാരിക്കാൻ കഴിഞ്ഞത് എനിക്കു വലിയ സന്തോഷം നൽകുന്ന കാര്യമാണ്. ദീർഘ വർഷങ്ങളായി ഈ ദിവസത്തിനായി ഞങ്ങൾ കാത്തിരിക്കുകയായിരുന്നു.

ആവർത്തന പുസ്തകം 11:18-21 വാകൃങ്ങൾ, കിംഗ് ജെയിംസ് വിവർത്തനത്തിൽ ഉപയോഗിച്ചിട്ടുള്ള ഒരു പ്രയോഗം ഇന്നു സഞ്ജയോടും കാത്തിയോടും പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ദൈവം ഇപ്രകാരം അരുൾ ചെയ്യുന്നു: "എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും പതിച്ചുകൊണ്ടാൽ... നിങ്ങളുടെ നാളുകൾ ഈ ഭൂമിയിൽ സ്വർഗ്ഗീയ ദിനങ്ങൾ ആയിത്തീരും." എത്ര മനോഹരമായ പദപ്രയോഗമാണിത്! നിങ്ങളുടെ നാളുകൾ ഭൂമിയിൽ സ്വർഗ്ഗീയ ദിനങ്ങൾ ആയിത്തീരും.

ഈ സ്വർഗ്ഗത്തിലെ നാളുകളെക്കുറിച്ചു നമുക്കു സങ്കല്പിക്കുവാൻ കഴിയുമോ? വഴക്കും പിണക്കവും സംഘർഷങ്ങളുമില്ലാത്ത നാളുകൾ. സമാധാനവും സന്തോഷവും മാത്രമുള്ള നാളുകൾ. എല്ലായിടത്തും സ്നേഹം മാത്രം. അപ്രകാരമുള്ള ഒരു ഭവനം നിങ്ങൾക്കും സാദ്ധ്യമാണ് - എല്ലാ ദിവസവും സ്വർഗ്ഗം ഭൂമിയിലായിരിക്കുന്ന അനുഭവമുള്ള കുടുംബം. ഭൂമിയിലെ എല്ലാ കുടുംബങ്ങളും അങ്ങനെ ആയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ബൈബിൾ ആരംഭിക്കുന്നതു ആദമിന്റെയും ഹവ്വയുടെയും വിവാഹത്തെക്കുറിച്ചു പരാമർശിച്ചു കൊണ്ടാണ്. അവസാനിക്കുന്നതു ക്രിസ്തുവിന്റെയും സഭയുടെയും വിവാഹത്തെക്കുറിച്ചും പറഞ്ഞുകൊണ്ടാണ്.

ദൈവം ആദ്യ വിവാഹം - ആദം ഹവ്വമാരുടെ - ആശീർവദിക്കുമ്പോൾ അവരുടെ നാളുകൾ സ്വർഗ്ഗീയ ദിനങ്ങളാകണമെന്ന് ആഗ്രഹിച്ചിരുന്നു. അവരുടെ ആദ്യഭവനം പറുദീസയായിരുന്നു - ഏദൻ പറുദീസ. എന്നാൽ സാത്താൻ കടന്നു വന്ന് അതിനെ ഒരു നരകമാക്കി. ഇന്നും ലോകത്ത് അധികം ഭവനങ്ങളും ഇപ്രകാരമുള്ള നരകങ്ങളായിത്തീർന്നിരിക്കുന്നു.

എന്നാൽ കഥ അവിടെ അവസാനിക്കുന്നില്ല എന്നതിൽ നമുക്കു ദൈവത്തെ സ്തുതിക്കാം. അവിടെ ഏദനിൽ ആദം പാപം ചെയ്ത ഇടത്തിൽ തന്നെ ദൈവം തന്റെ പുത്രനെ അയച്ചു സാത്താന്റെ പ്രവൃത്തികളെ അഴിക്കും എന്നു സൂചിപ്പിക്കുന്ന വാഗ്ദാനം നൽകിയതായി ബൈബിൾ വ്യക്തമാക്കുന്നു. അവിടെനിന്നും ഈ മഹാസത്യം നാം ഗ്രഹിക്കുന്നു. പിശാചിനെതിരെ ദൈവം എല്ലായ്പോഴും നമുക്ക്

അനുകൂലമായി നമ്മോടൊപ്പമുണ്ട്. ആദമിന്റെ പാപം കാരണമായി ദൈവം ഭൂമിയെ ശപിക്കുന്നതിനു മുമ്പു തന്നെ സർപ്പത്തിന്റെ തലയെ തകർക്കാൻ കഴിയുന്ന ഒരു സന്തതി സ്ത്രീയിൽ നിന്നു ജന്മമെടുക്കുമെന്നു ദൈവം വാഗ്ദാനം നൽകി. അതിനു ശേഷമാണു ദൈവം ശാപവചനങ്ങൾ കല്പിച്ചത്.

പിശാചു കടന്നു വന്നു കാര്യങ്ങളെയെല്ലാം തകിടം മറിച്ചു എങ്കിലും പിശാചിനെതിരായി ദൈവം തങ്ങളുടെ പക്ഷത്തുണ്ട് എന്ന കാര്യം ആദമും ഹവ്വയും അറിയണമെന്നു ദൈവം ആഗ്രഹിച്ചിരുന്നു. ഏതു കുടുംബത്തെ സാത്താൻ കലക്കിയാലും അതിനെതിരെ ആ കുടുംബങ്ങളെ ആ കലക്കത്തിൽ നിന്നും വീണ്ടുകൊൾവാൻ ദൈവം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമ്മെ തന്റെ യഥാർത്ഥ പദ്ധതിയിലേക്കു മടക്കിക്കൊണ്ടു വരുവാനും സ്വർഗ്ഗീയ ദിനങ്ങൾ നമ്മുടെ ജീവിതത്തിലാകുവാനും ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. ഇപ്പോൾ ക്രിസ്തു ലോകത്തിലേക്കു വരികയും വീണ്ടെടുപ്പിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഇതു നമുക്കോരോരുത്തർക്കും ഒരു വലിയ സാദ്ധ്യതയെ യാഥാർത്ഥ്യമാക്കിത്തീർത്തിരിക്കുന്നു.

**നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ**

കുറച്ചു നാളുകൾക്കു മുമ്പ് ഞാൻ ഒരു ഡിജിറ്റിൽ ക്യാമറ വാങ്ങുവാനിടയായി. അതിനു മുമ്പു ഫിലിം റോളുകൾ ഉപയോഗിക്കുന്ന സാധാരണ ക്യാമറയായിരുന്നു ഞാൻ ഉപയോഗിച്ചിരുന്നത്. എന്നാൽ വില കൂടിയ ഈ ഡിജിറ്റൽ ക്യാമറയിൽ ചിത്രങ്ങൾ നന്നാവുകയല്ല മോശമാവുകയാണെന്നു ഞാൻ കണ്ടെത്തി. അവ മങ്ങിയതും അവ്യക്തവുമായിരുന്നു. അത്രയും പണം ചെലവഴിച്ചതിനു ശേഷം ചവറ്റു കൊട്ടയിൽ എറിയുവാൻ മാത്രം കൊള്ളാവുന്ന ചിത്രങ്ങളായിരുന്നു അതിൽ നിന്നും പുറത്തു വന്നിരുന്നത് - ഇന്നത്തെ പല കുടുംബ ജീവിതങ്ങളെപ്പോലെ.

എന്തുകൊണ്ടായിരുന്നു അത്? അതിന്റെ കാരണം അതിനോടൊപ്പം ലഭിച്ച ചെറു പുസ്തകത്തിലെ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ ഞാൻ വായിച്ചിരുന്നില്ല എന്നതാണ്. വിലപിടിപ്പുള്ള എല്ലാ ഉപകരണങ്ങളോടൊപ്പവും നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ചെറു പുസ്തകവും നമുക്കു ലഭിക്കാറുണ്ട്. കുടുംബം എന്ന സംവിധാനം ഉണ്ടാക്കിയ ദൈവം അതിനു വേണ്ട മാർഗ്ഗരേഖ നൽകാതെയിരിക്കുമോ? ഒരിക്കലുമില്ല. നമുക്കു വേണ്ട നിർദ്ദേശങ്ങൾ അവിടുന്നു നൽകിയിട്ടുണ്ട്. ഞാൻ എന്റെ ഡിജിറ്റൽ ക്യാമറയുടെ കാര്യത്തിൽ ചെയ്തതുപോലെ നാം ആ നിർദ്ദേശങ്ങളെ അവഗണിച്ചതുകൊണ്ടാണ് നമ്മുടെ വിവാഹ ബന്ധങ്ങൾ ശിഥിലവും വ്യക്തതയില്ലാത്തതുമായിത്തീരുന്നത്.

എന്റെ ഡിജിറ്റൽ ക്യാമറയുടെ കാര്യത്തിൽ ഞാൻ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ സശ്രദ്ധം വായിച്ചു. കൃത്യതയോടെ അതനുസരിച്ചു. നിർമ്മാതാവിനേക്കാൾ വൈദഗ്ദ്ധ്യം എനിക്കുണ്ടെന്നു ചിന്തിക്കുവാൻ ഉള്ള ധൈര്യം ഞാൻ എടുത്തില്ല. അപ്രകാരം ഞാൻ ചിന്തിക്കുന്നതു ഭോഷത്തമാണ്. എന്നാൽ വിവാഹത്തിൽ ആളുകൾക്കു സംഭവിക്കുന്നത് ഇപ്രകാരമുള്ള ഭോഷത്തമാണ്. അവർ നിർദ്ദേശങ്ങളെ അവഗണിക്കുന്നു. അവർ വിചാരിക്കുന്നത് പാരമ്പര്യ വിശ്വാസങ്ങളുടെയോ മനഃശാ

**അടിസ്ഥാനം**

ഒരു രണ്ടു നിലക്കെട്ടിടത്തിലാണ് സഞ്ജയും കാത്തിയും താമസിക്കുവാൻ പോകുന്നത്. എന്നു വച്ചാൽ ഒരു കുടംബജീവിതം അപ്രകാരമാണ്. ഒന്നാമതായി ആ കെട്ടിടത്തിന് ഒരു അടിസ്ഥാനമുണ്ട്. അതിന്മേലാണ് ഒന്നാം നിലയും രണ്ടാം നിലയും കെട്ടിപ്പൊക്കിയിരിക്കുന്നത്.

ഏതൊരു വീടിന്റെയും ഏറ്റവും പ്രധാന ഭാഗം അതിന്റെ അടിസ്ഥാനം തന്നെയാണ്. എല്ലാ വിവാഹത്തിനും ആവശ്യമുള്ളതു നല്ല അടിസ്ഥാനം തന്നെയാണ്. നല്ല വിവാഹത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഉപാധികളില്ലാത്ത പൂർണ്ണതയുള്ള സ്നേഹമാണ്. ദൈവത്തിന്റെ ഉപാധികളില്ലാത്ത സ്നേഹത്തെക്കുറിച്ചുള്ള സത്യമാണ് ബൈബിളിൽ നാം കണ്ടെത്തുന്ന ഏറ്റവും വലിയ സത്യം. നാം തെറ്റുമ്പോഴും ഭോഷത്തം കാണിക്കുമ്പോഴും പരാജയപ്പെടുമ്പോഴും നമ്മുടെ ജീവിതം ആകെ കുഴഞ്ഞു മറിഞ്ഞ് അവശതയിലാകുമ്പോഴും ദൈവത്തിന്റെ നമ്മോടുള്ള സ്നേഹത്തിനു മാറ്റമില്ലാതെ തുടരുന്നു.

കുഞ്ഞിനോടു പെറ്റമ്മയ്ക്കുള്ള സ്നേഹത്തോടു ദൈവം അതിനെ ഉപമിക്കുന്നു. ആ സ്നേഹത്തിനു പ്രതിഫലമായി അമ്മ ഒന്നും തന്നെ കുഞ്ഞിൽ നിന്നും ആഗ്രഹിക്കുന്നില്ല.

അതേസമയം നാം ടെലിവിഷനുകളിലും സിനിമകളിലും കാണുന്ന സ്നേഹവും പ്രേമവും ഒക്കെ സ്വാർത്ഥതയാണ്. ഒരു ചെറുപ്പക്കാരൻ ഒരു പെൺകുട്ടിയോടു സ്നേഹമാണെന്നു പറയുമ്പോൾ അവൻ സ്വന്തം സന്തോഷത്തിനുവേണ്ടി അവളിൽ നിന്നു ചിലതു പ്രതീക്ഷി

സ്ത്രജ്ഞന്മാരുടെ ഉപദേശങ്ങളുടെയോ അടിസ്ഥാനത്തിൽ ദൈവം വച്ചിരിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട കുംടുംബ ബന്ധങ്ങളുണ്ടാക്കാമെന്നാണ്.

വിവാഹ ബന്ധത്തെ സംബന്ധിച്ചു സുവ്യക്തമായ നിർദ്ദേശങ്ങൾ ദൈവം നൽകിത്തന്നിരിക്കുന്നു. ക്യാമറാ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ ഞാൻ കൃത്യമായി അനുസരിച്ചപ്പോൾ ചിത്രങ്ങൾ മിഴിവും പൂർണ്ണതയുള്ളതുമായി. ഇപ്രകാരം ഭാര്യാഭർത്താക്കന്മാർ ദൈവം നൽകിയ നിർദ്ദേശങ്ങൾ അനുസരിക്കുമ്പോൾ വിവാഹ ജീവിതവും മിഴിവുള്ളതാകും.

കുടുംബ ജീവിതത്തിനാവശ്യമായ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയ ഒരേ ഒരു പുസ്തകം മാത്രമേ ലോകത്തിലുള്ളു – അതു ബൈബിളാണ്. ഞാൻ വിവാഹിതനാകുന്നതിനു വളരെ മുമ്പു മുതലേ അതു പഠിക്കാൻ തുടങ്ങിയിരുന്നു. ഞങ്ങളുടെ വിവാഹശേഷം ഞാനും എന്റെ ഭാര്യയും ഒരുമിച്ചിരുന്നു പഠിക്കുവാൻ തുടങ്ങി. അതുകൊണ്ട് 37 വർഷത്തെ ദാമ്പത്യ ബന്ധത്തിൽ സ്വർഗ്ഗീയ ദിനങ്ങൾ എന്തെന്ന് അല്പമായിട്ടെങ്കിലും ഞങ്ങൾക്ക് ആസ്വദിക്കുവാൻ കഴിഞ്ഞു.

സുവിശേഷം ഇങ്ങനെയാണ്: നമുക്കു രണ്ടു സ്വർഗ്ഗങ്ങൾ അനുഭവിക്കുവാൻ കഴിയും. ഒന്ന്: ഈ ഭൂമിയിൽത്തന്നെ സ്വർഗ്ഗത്തിന്റെ നാളുകൾ. ഒടുവിൽ യഥാർത്ഥ സ്വർഗ്ഗം കർത്താവായ യേശു വരുമ്പോൾ അവിടുത്തോടൊപ്പം.

അതല്ലെങ്കിൽ രണ്ടു നരകങ്ങൾ – ഒന്ന് ഇപ്പോൾ. മറ്റേത് ഒടുവിൽ നിത്യനരകവും. അതിൽ നിന്നും നമ്മെ രക്ഷിക്കുവാനാണ് കർത്താവു ഭൂമിയിൽ വന്നത്.

നമ്മുടെ ഒട്ടേറെ പ്രശ്നങ്ങളുടെയും വേരു നമ്മുടെ അരക്ഷിതബോധത്തിലാണെന്നു ഞാൻ കണ്ടെത്തിയിട്ടുണ്ട്. സ്വർഗ്ഗീയ പിതാവിന്റെ ഉപാധികളില്ലാത്ത സ്നേഹത്തിൽ സുരക്ഷിതത്വം കണ്ടെത്തിയിട്ടില്ലെങ്കിൽ സ്നേഹിക്കേണ്ട വിധത്തിൽ ആരെയും സ്നേഹിക്കാൻ നമുക്കു കഴിയില്ല. നമുക്കു പരസ്പര ബന്ധത്തിൽ അസൂയയും മത്സര മനോഭാവവും ഉണ്ടാകും. ഒരിക്കൽ നാം ആ സ്നേഹത്തിൽ സുരക്ഷിതരാണെങ്കിൽ നാം സ്വതന്ത്രരാകും. അപ്പോൾ നമുക്കു ബന്ധങ്ങൾ പണിതുറപ്പിക്കാൻ കഴിയും.

ക്കുന്നു. ആ പെൺകുട്ടിയും അയാളിൽ നിന്നു ചിലതു പ്രതീക്ഷിക്കുന്നു. എന്നാൽ ദൈവത്തിന്റെ സ്നേഹം തികച്ചും വ്യത്യസ്തമാണ്. അത് ഒരു കുഞ്ഞിനോട് അമ്മയ്ക്കുള്ള സ്നേഹം പോലെയാണ്. അവൾ തന്റെ കുഞ്ഞിൽ നിന്നും ഒന്നും തന്നെ പ്രതീക്ഷിക്കുന്നില്ല. തന്നെയുമല്ല കുഞ്ഞിന് അമ്മയ്ക്ക് ഒന്നും നൽകാനുള്ള കഴിവുമില്ല. ഭൂമിയിൽ നിസ്വാർത്ഥ സ്നേഹത്തിന് ഏറ്റവും നല്ല ഉദാഹരണം അമ്മയുടെ സ്നേഹമാണ്. യെശയ്യാവ് 49:15ൽ കാണുന്ന ഉദാഹരണം ഈ മാതൃസ്നേഹമാണ്. തിരികെ ഒന്നും പ്രതീക്ഷിക്കാത്ത തന്റെ സ്നേഹത്തെ, ദൈവം വരച്ചു കാണിക്കുന്നു. ഒരു അമ്മയെപ്പോലെ സഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ദൈവം. രോഗിയായ ഒരു കുഞ്ഞിനെ അമ്മ എങ്ങനെയാണ് ശുശ്രൂഷിക്കുന്നതെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? അപ്രകാരമാണു ദൈവം നമ്മെ സ്നേഹിക്കുന്നത്.

ഒരു പുതിയ കുടുംബം പണിയുവാൻ നിങ്ങളുടെ രണ്ടു പേരുടെയും അവബോധത്തിൽ അടിസ്ഥാനമായി ഉണ്ടായിരിക്കേണ്ടത് ദൈവത്തിന്റെ ഈ പൂർണ്ണതയുള്ള സ്നേഹമാണ്. അതിനു മുകളിലാണ് രണ്ടു നിലകളുള്ള വീടു നിങ്ങൾ കെട്ടിപ്പടുക്കേണ്ടത്. നിങ്ങൾ ഓരോരുത്തരും വ്യക്തിപരമായി ദൈവത്തിന്റെ ഈ സ്നേഹത്തിൽ സുരക്ഷിതത്ത്വം കണ്ടെത്തുന്നില്ല എങ്കിൽ നിങ്ങളുടെ ഇടയിൽ പല പ്രശ്നങ്ങളും ക്രമേണ സംജാതമാകും.

നമ്മുടെ ഒട്ടേറെ പ്രശ്നങ്ങളുടെയും വേരു നമ്മുടെ അരക്ഷിതബോധത്തിലാണെന്നു ഞാൻ കണ്ടെത്തിയിട്ടുണ്ട്. സ്വർഗ്ഗീയ പിതാവിന്റെ ഉപാധികളില്ലാത്ത സ്നേഹത്തിൽ സുരക്ഷിതത്വം കണ്ടെത്തിയിട്ടില്ലെങ്കിൽ സ്നേഹിക്കേണ്ട വിധത്തിൽ ആരെയും സ്നേഹിക്കാൻ നമുക്കു കഴിയില്ല. നമുക്കു പരസ്പര ബന്ധത്തിൽ അസൂയയും മത്സര മനോഭാവവും ഉണ്ടാകും. ഒരിക്കൽ നാം ആ സ്നേഹത്തിൽ സുരക്ഷിതരാണെങ്കിൽ നാം സ്വതന്ത്രരാകും. അപ്പോൾ നമുക്കു ബന്ധങ്ങൾ പണിതുറപ്പിക്കാൻ കഴിയും.

**ഒന്നാം നില**

ഏറ്റവും വലിയ കല്പന ഏതെന്ന ചോദ്യത്തിന് ഉത്തരമായി യേശു പറഞ്ഞു: ഏറ്റവും വലുതായി രണ്ടു കല്പനകൾ ഉണ്ടെന്ന്. ഒന്ന്: ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും സ്നേഹിക്കുക.

രണ്ടാമത്തേത്: അവിടുന്നു നമ്മെ സ്നേഹിച്ചതു പോലെ മറ്റുള്ളവരെ സ്നേഹിക്കുക.

അതു രണ്ടുമാണ് കെട്ടിടത്തിന്റെ രണ്ടു നിലകൾ. ഒന്നാം നില പണിയാതെ രണ്ടാം നില പണിയാൻ നിങ്ങൾക്കു കഴികയില്ല. ഒരുപാടു പേർക്കു സംഭവിക്കുന്ന ഒരു തെറ്റാണ് അത്. തങ്ങളുടെ മുഴുഹൃദയത്തോടെയും ദൈവത്തെ സ്നേഹിക്കാതെ മറ്റുള്ളവരെ സ്നേഹിക്കുവാൻ ശ്രമിക്കുക. അവർ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ വായിച്ചിട്ടുള്ളവരല്ല. അതുമൂലം അവരുടെ സ്നേഹം ഉതിർന്നു പോകുന്നു. നീണ്ടു നില്ക്കുന്നില്ല. ഒന്നാമതായി ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ മാത്രമേ നമുക്കു മറ്റുള്ളവരെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിക്കുവാൻ കഴിയൂ.

ദൈവം ആദമിനേയും ഹവ്വയേയും സൃഷ്ടിച്ചപ്പോൾ അവരെ ഒരുമിച്ചല്ല സൃഷ്ടിച്ചത്. ദൈവം വിചാരിച്ചിരുന്നെങ്കിൽ നിഷ്പ്രയാസം അങ്ങനെ തന്നെ ഒരേസമയം അവരെ ഉണ്ടാക്കാൻ കഴിയുമായിരുന്നു. എന്നിട്ടു രണ്ടു രൂപങ്ങളുണ്ടാക്കി രണ്ടിന്റെയും മൂക്കിൽ ശ്വാസം ഊതിയാൽ മതിയായിരുന്നു. എങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം ദൈവം ആദമിനെ മാത്രമായി ആദ്യം ഉണ്ടാക്കിയത്? കാരണം ആദം കണ്ണു തുറക്കുമ്പോൾ ആദ്യം കാണേണ്ടതു ദൈവത്തെ തന്നെ ആയിരുന്നു - ഹവ്വയെ അല്ല. അതിനു ശേഷം ദൈവം ആദമിന് ഒരു ഗാഢ നിദ്ര വരുത്തി. എന്തിന്? അവന്റെ വാരിയെല്ല് എടുക്കുന്നതിനു വേണ്ടി ആയിരുന്നില്ല. തോട്ടത്തിന്റെ മറ്റൊരു ഭാഗത്തു ഹവ്വയ്ക്കു രൂപം കൊടുത്ത ശേഷം അവൾ കണ്ണു തുറക്കുമ്പോൾ ആദ്യം കാണേണ്ട വ്യക്തി ദൈവം തന്നെ ആകണമായിരുന്നു. ആദം എന്നൊരാൾ ഉണ്ടെന്നു പോലും അവൾ അപ്പോൾ അറിഞ്ഞില്ല. അവൾ ദൈവത്തെ ആയിരുന്നു ആദ്യം കണ്ടത്.

ആദമിനെയും ഹവ്വയെയും ദൈവം പഠിപ്പിക്കാൻ ആഗ്രഹിച്ച ആദ്യ പാഠം അതായിരുന്നു. "നിങ്ങളുടെ ദൈവമാകുന്ന ഞാൻ തന്നെ ആയിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ജീവിതത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കേണ്ടത്." നാമും പഠിക്കേണ്ട സുപ്രധാന പാഠം അതു തന്നെയാണ്.

ഫെവിക്കോൾ എന്ന പേരിലുള്ള പ്രശസ്തമായ പശയെക്കുറിച്ചു നിങ്ങൾക്കറിവുണ്ടല്ലോ. തടി ഉരുപ്പടികളെ തമ്മിൽ ഒട്ടിച്ചു നിർത്താൻ കഴിവുള്ളതാണത്. ഒരിക്കൽ ഞാനതിന്റെ ഒരു പരസ്യം കണ്ടു. ഫെവിക്കോൾ കൊണ്ടു ചേർത്തു വച്ച രണ്ടു തടിക്കഷണങ്ങൾ രണ്ട് ആനകൾ എതിർദിശകളിലേക്കു വലിച്ച് വേർപെടുത്താൻ ശ്രമിക്കുന്നതാണത്. അവയ്ക്കതു കഴിഞ്ഞില്ല. ഒരു യഥാർത്ഥ ക്രിസ്തീയ വിവാഹബന്ധം അപ്രകാരമായിരിക്കണം. ക്രിസ്തു നടുവിൽ ഉണ്ടായിരിക്കുമ്പോൾ അതങ്ങനെ തന്നെ ആയിരിക്കും. ഭാര്യക്കും ഭർത്താവിനും ഇടയിൽ, അവരുടെ ബന്ധത്തിന്റെ കേന്ദ്രം ക്രിസ്തു ആയിരിക്കുമ്പോൾ, അവിടുന്ന് അവരെ തന്റെ ബലമുള്ള കരങ്ങളാൽ ചേർത്തു പിടിക്കും. അപ്രകാരമുള്ള ഭാര്യഭർത്താക്കന്മാരെ ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു ശക്തിക്കും വേർപെടുത്താൻ കഴിയില്ല. ക്രിസ്തുവിനു പ്രഥമ സ്ഥാനമില്ലാത്ത, ക്രിസ്തുവിൽ കേന്ദ്രീകൃതമല്ലാത്ത എല്ലാ ബന്ധങ്ങളും പശയില്ലാതെ ചേർത്തു

വയ്ക്കുന്ന തടിക്കഷണങ്ങൾ പോലെയാണ്. ഇരുവശങ്ങളിലേക്കും വലിച്ചു മാറ്റാതെ തന്നെ അവ അകന്നു പോകും. ഇന്നു നടക്കുന്ന എണ്ണമറ്റ വിവാഹമോചനങ്ങൾ കണ്ട് നാം അത്ഭുതപ്പെടേണ്ടതില്ല. വിവാഹദിവസത്തിൽ തങ്ങൾക്ക് അന്യോന്യമുള്ള സ്നേഹം വളരെ ആഴമുള്ളതാണെന്നു സങ്കല്പിക്കുന്ന ദമ്പതികൾ അറിയുന്നില്ല അതു സ്വാർത്ഥത്തിൽ കേന്ദ്രീകൃതമായ സ്നേഹമാണെന്ന്. ക്രിസ്തു തങ്ങളുടെ നടുവിലില്ല എന്ന്. ചില മാസങ്ങൾക്കു ശേഷം അവർ പരസ്പരം കലഹിച്ചു തുടങ്ങുന്നു.

"തമ്മിൽ സ്നേഹിക്കുക" എന്നതു മനോഹരമായതും വളരെ ഉപയോഗിച്ചു പഴകിയതുമായ ഒരു പ്രയോഗമാണ്. ദൈവത്തെ സ്നേഹിക്കുന്നില്ല എങ്കിൽ ഒരിക്കലും നിങ്ങൾക്കു തമ്മിൽ സ്നേഹിക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തു നിങ്ങളുടെ വ്യക്തിജീവിതത്തിന്റെ കർത്താവാകുന്നില്ലെങ്കിൽ നിങ്ങളുടെ പങ്കാളിയോടുള്ള സ്നേഹം അവസാനം വരെ മുറുകെ പിടിക്കുവാൻ നിങ്ങൾക്കു കഴികയില്ല.

ദൈവത്തെ സ്നേഹിക്കുക എന്ന ഒന്നാം നില നിങ്ങൾ പണിയുന്നില്ലെങ്കിൽ മറ്റുള്ളവരെ സ്നേഹിക്കുക എന്ന രണ്ടാം നില പണിയുവാൻ നിങ്ങൾക്കു കഴിയുകയില്ല.

**രണ്ടാം നില**

തമ്മിൽ സ്നേഹിക്കുന്നതിനെ സംബന്ധിച്ചു മൂന്നു കാര്യങ്ങൾ എനിക്കു പറയുവാനുണ്ട്.

ഒന്നാമതായി, സ്നേഹം അഭിനന്ദനം പ്രകടിപ്പിക്കുന്നു. ദാമ്പത്യ സ്നേഹത്തെക്കുറിച്ചു ഒരു പുസ്തകം തന്നെ ദൈവം ബൈബിളിൽ ചേർത്തിരിക്കുന്നു. എല്ലാ ദമ്പതികളും ഈ പുസ്തകം പരസ്പരം വായിച്ചു കേൾപ്പിക്കേണ്ടതാണ്. ഭാര്യാ ഭർത്താക്കന്മാർ പരസ്പരം എങ്ങനെ സംസാരിക്കണമെന്നു ദൈവം പ്രതീക്ഷിക്കുന്നു എന്നത് അത്ഭുതകരമല്ലേ! ആ പുസ്തകവും മറ്റു പുസ്തകങ്ങളെപ്പോലെ പരിശുദ്ധാത്മ നിശ്വാസീയമായ തിരുവെഴുത്തു തന്നെ!

നമുക്കു ഭാര്യാഭർത്താക്കന്മാർ എന്ന നിലയിൽ പരസ്പരം അഭിനന്ദിക്കേണ്ടതെങ്ങനെയെന്നു കാണുവാൻ അതിൽ നിന്നും ചില ഭാഗങ്ങൾ ഞാൻ വായിക്കുവാൻ ആഗ്രഹിക്കുന്നു. നാം സ്വാഭാവികമായി കുറ്റങ്ങൾ കണ്ടെത്തുന്നതിലും പറയുന്നതിലും വേഗതയുള്ളവരും അഭിനന്ദിക്കുന്നതിൽ മാന്ദ്യമുള്ളവരുമാണ്. അതു മനുഷ്യ സഹജമാണ്. അങ്ങനെയാണ് പിശാചു നമ്മിൽ ഇടം കണ്ടെത്തുന്നത്. നമുക്കു മറ്റുള്ളവരെ അഭിനന്ദിക്കുവാൻ നാം വക കണ്ടെത്തുകയും അഭിനന്ദിക്കുകയും ചെയ്യുമ്പോഴാണ് ദൈവം നമ്മിൽ ഇടം കണ്ടെത്തുന്നത്. നമുക്കു നമ്മെത്തന്നെ ഇവിടെ ഒരു പരിശോധനയ്ക്കു വിധേയമാക്കുന്നത് നല്ലതാണ്.

ഭർത്താവ് ഭാര്യയോടു ശലോമോന്റെ ഉത്തമഗീതത്തിൽ സംസാരിക്കുന്നതെങ്ങനെയെന്നു നോക്കുക (മെസേജ് ബൈബിൾ വിവർത്തനം):

"എന്റെ പ്രിയയേ, നീയെത്ര മനോഹരിയാണ്. ഉള്ളംകാൽ മുതൽ ശിരസ് വരെയും ഊനമില്ലാതെ അഴകിന്റെ നിറകുടം. താരതമ്യത്തിന് അതീത. എന്റെ സ്വപ്നങ്ങളിലെ വശ്യ സൗന്ദര്യങ്ങളെപ്പോലെ സുന്ദരിയാണു നീ. കുളിർമ്മയിറ്റുന്ന ശബ്ദവും കീഴടക്കുന്ന മുഖലാവണ്യവുമാണ് നിന്റേത്. എന്റെ സ്നേഹിതേ, അകത്തും പുറത്തും ഒന്നുപോലെ നീ സൗന്ദര്യത്തിന്റെ പൂർണ

തയാണ്. നീ ഒരു പറുദീസാ തന്നെ." (ഇതൊന്നും ഞാൻ കണ്ടു പിടിച്ചതല്ല, തിരുവെഴുത്തുകളിലേതാണ്).

"നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു. നിന്റെ മിഴികൾ എന്നെ പ്രേമത്തിൽ വീഴ്ത്തിക്കളഞ്ഞു. എന്റെ നേരെയുള്ള നിന്റെ നോട്ടത്തിൽ ഞാൻ വിവശനായിപ്പോയി. എന്റെ ഹൃദയം ഹർഷോന്മാദത്തിലായി. നിന്റെ സാമീപ്യം എന്നിലുളവാക്കുന്ന അനുഭൂതിയും എന്നിലുണർത്തുന്ന അഭിലാഷങ്ങളും അവാച്യം! എന്റെ ഹൃദയം കവർന്നെടുക്കപ്പെട്ടിരിക്കുന്നു. മറ്റൊരു സ്ത്രീയും എന്നെ ആകർഷിക്കുന്നില്ല." (ഏതൊരു ഭർത്താവിനെ സംബന്ധിച്ചും ഇതു സത്യമായിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു).

"ഈ ഭൂമിയിൽ നിന്നെപ്പോലെ മറ്റാരുമില്ല. ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. നീ താരതമ്യങ്ങൾക്കതീതയാണ്." (ഇവിടെ ദൈവം കാവ്യാത്മകത അനുവദിച്ചിരിക്കുന്നു. ഭർത്താവിന്റെ തോന്നലുകൾക്ക്, അനുഭൂതികൾക്കു ശാസ്ത്രീയമായ കൃത്യതയൊന്നും ഇവിടെ ബാധകമായിരിക്കുന്നില്ല).

ഈ സമയം ഭാര്യ, ഭർത്താവിനോടു പറയുന്നതു ശ്രദ്ധിക്കുക: അവളുടെ പ്രതികരണം:

"എന്റെ പ്രിയാ, നീ സുന്ദരൻ തന്നെ! നീ പതിനായിരങ്ങളിലും ശ്രേഷ്ഠനാണ്. നിന്നെപ്പോലെ ആരുമില്ല. നീ തങ്കമാണ്. പുരുഷന്മാരിൽ കീഴടക്കാൻ പ്രയാസമുള്ള ഒരു കൊടുമുടി കണക്കെയാണു നീ. നിന്റെ വാക്കുകൾ ഊഷ്മളവും ധൈര്യം നൽകുന്നതുമാണ്. നിന്റെ വാക്കുകൾ ചുംബനം പോലെയും നിന്റെ ചുംബനങ്ങൾ വാക്കുകൾ പോലെയുമാണ്. നിന്നെക്കുറിച്ചുള്ളതെല്ലാം എനിക്കു പ്രമോദമായിരിക്കുന്നു. നീ എന്നെ പേർത്തും പേർത്തും പുളകിതയാക്കുന്നു. ഞാൻ നിന്നെ വാഞ്ഛിക്കുന്നു. ഉത്ക്കടമായി നിനക്കുവേണ്ടി ദാഹിക്കുന്നു. നിന്റെ അസാന്നിദ്ധ്യം നോവിക്കുന്നു. നിന്നെ കാണുമ്പോൾ തന്നെ നിന്നെ എന്റെ കരവലയത്തിലമർത്തി മുറുകെ പിടിക്കും - വിട്ടുപോകാതെ വണ്ണം. ഞാൻ നിന്റേതാണ്. നിന്റേതുമാത്രം. നീയാണ് എന്റെ പ്രാണപ്രിയൻ. നീ മാത്രം."

എന്തുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ദൈവം തിരുവെഴുത്തുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? കാരണം ദൈവം തന്നെ ഒരു പ്രണയേശ്വരനാണ്.

**സ്നേഹം വേഗത്തിൽ ക്ഷമിക്കുന്നു. സ്നേഹം കുറ്റപ്പെടുത്തുന്നതു സാവധാനത്തിലും, ക്ഷമിക്കുന്നതു വേഗത്തിലും ആയിരിക്കും. എല്ലാ ദാമ്പത്യ ബന്ധങ്ങളിലും ഭാര്യാഭർത്താക്കന്മാർക്കിടയിൽ പ്രശ്നങ്ങളുണ്ടാകാറുണ്ട്. ഈ പ്രശ്നങ്ങളെ അടുപ്പത്തു തന്നെ വച്ചാൽ അതു തിളച്ചു കൊണ്ടേയിരിക്കുമെന്ന് ഉറപ്പാണ്. അതുകൊണ്ടു തന്നെ വേഗത്തിൽ ക്ഷമിക്കുകയും വേഗത്തിൽ ക്ഷമ ചോദിക്കുകയും ചെയ്യുക. സൂര്യാസ്തമയം വരെ അതിനുവേണ്ടി കാക്കരുത്.**

സഞ്ജയും കാത്തിയും അപ്രകാരമുള്ള പ്രാണ സഖികളായിത്തീരട്ടെ. നിങ്ങൾ അപ്രകാരം പരസ്പരം സ്നേഹിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ നാളുകൾ സ്വർഗ്ഗീയ ദിനങ്ങൾ ആയിത്തീരും, നിങ്ങൾ പരസ്പരം അഭിനന്ദിക്കുന്നു എങ്കിൽ.

യേശുവാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. എത്ര നിർലോഭമായിട്ടാണ് അവിടുന്ന് ആളുകളെ ശ്ലാഘിച്ചത്.

യഥാർത്ഥ സ്നേഹത്തെ സംബന്ധിച്ച രണ്ടാമത്തെ സത്യം: സ്നേഹം വേഗത്തിൽ ക്ഷമിക്കുന്നു. സ്നേഹം കുറ്റപ്പെടുത്തുന്നതു സാവധാനത്തിലും, ക്ഷമിക്കുന്നതു വേഗത്തിലും ആയിരിക്കും. എല്ലാ ദാമ്പത്യ ബന്ധങ്ങളിലും ഭാര്യാഭർത്താക്കന്മാർക്കിടയിൽ പ്രശ്നങ്ങളുണ്ടാകാറുണ്ട്. ഈ പ്രശ്നങ്ങളെ അടുപ്പത്തു തന്നെ വച്ചാൽ അതു തിളച്ചു കൊണ്ടേയിരിക്കുമെന്ന് ഉറപ്പാണ്. അതുകൊണ്ടു തന്നെ വേഗത്തിൽ ക്ഷമിക്കുകയും വേഗത്തിൽ ക്ഷമ ചോദിക്കുകയും ചെയ്യുക. സൂര്യാസ്തമയം വരെ അതിനുവേണ്ടി കാക്കരുത്. കാലത്തെ കാലിൽ തറയ്ക്കുന്ന മുള്ളിനെ തീർച്ചയായും അപ്പോൾ തന്നെ നിങ്ങൾ എടുത്തു മാറ്റും. പങ്കാളിയെ മുറിവേൽപിക്കുമ്പോഴും ഒരു മുള്ളു തറയ്ക്കുന്നതു പോലെയാണ്. പെട്ടെന്നു തന്നെ അത് എടുത്തു കളയുക. വേഗത്തിൽ ക്ഷമിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്യുക.

അവസാനമായി, സ്നേഹം എല്ലാ കാര്യങ്ങളും ഒരുമിച്ചു ചെയ്യുന്നു. ഒറ്റയ്ക്കല്ല. പിശാച് ഏദൻ തോട്ടത്തിൽ വച്ചു ഹവ്വയെ പ്രലോഭിപ്പിച്ചപ്പോൾ 'ഞാൻ എന്റെ ഭർത്താവിനോടു ചോദിച്ചിട്ട് ഒരു തീരുമാനമെടുക്കാം' എന്ന് ഹവ്വ പറഞ്ഞിരുന്നെങ്കിൽ മനുഷ്യന്റെ ചരിത്രം തന്നെ എത്ര വ്യത്യസ്തമായ ഒന്നാകുമായിരുന്നു എന്നു ആലോചിച്ചു നോക്കുക. കഥകൾ എത്ര വ്യത്യസ്തമാകുമായിരുന്നു! ലോകത്തിലെ സകല പ്രശ്നങ്ങളുടെയും ഉറവിടം, തനിക്ക് ആലോചന ചോദിക്കുവാൻ ഒരു ഭർത്താവുണ്ടായിരിക്കെ ഒരു സ്ത്രീ ഒറ്റയ്ക്ക് എടുത്ത ആ തീരുമാനത്തിൽ നിന്നാണ്. യഥാർത്ഥ സ്നേഹം എല്ലാം കൂട്ടായി ചെയ്യുന്നു. ഒരാളെക്കാൾ രണ്ടുപേർ ഏറെ നല്ലത്.

ഉപസംഹാരമായി ഉത്തമഗീതം 8-ാം അധ്യായത്തിലെ 6,7 വാക്യങ്ങൾ (മെസേജ് ബൈബിൾ) ഉദ്ധരിക്കട്ടെ. ''സ്നേഹത്തിന്റെ അഗ്നി തന്റെ മുമ്പിൽ വരുന്ന എല്ലാറ്റിനെയും ശുദ്ധീകരിക്കുന്നു. പ്രളയജലത്തിന് അതിനെ മുക്കിക്കളവാൻ കഴികയില്ല. യഥാർത്ഥ സ്നേഹം വിലകൊടുത്തു വാങ്ങാൻ കഴിയില്ല. അതു ചന്തസ്ഥലങ്ങളിൽ ലഭ്യമല്ല.''

ദൈവത്തിന്റെ സ്നേഹം മാത്രമേ അപ്രകാരം കാണുന്നുള്ളു. അതുകൊണ്ടാണ് ആറാം വാക്യത്തിൽ അതിനെ "ദിവ്യജ്വാല" എന്നു വിശേഷിപ്പിക്കുന്നത്. ദൈവത്തിനു മാത്രമേ അത്തരം സ്നേഹം നമുക്കു നൽകാൻ കഴികയുള്ളു.

അത്തരത്തിലുള്ള സ്നേഹത്താൽ ദൈവം നിങ്ങളെ നിറയ്ക്കുവാൻ വേണ്ടി സഞ്ജയ്, കാത്തീ നിങ്ങൾ ദൈവത്തോടപേക്ഷിക്കുക. പരസ്പരം സ്നേഹിക്കേണ്ടതിനായി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(*തുടരും*)

(മൊഴിമാറ്റം: **ബോബി ചെറിയാൻ**)

(കഴിഞ്ഞ ലക്കം തുടർച്ച...)

# പുതിയ ഉടമ്പടിയുടെ ശുശ്രൂഷകൻ

**നിങ്ങളുടെ ശത്രുക്കളോടു ദൈവം ഇടപെടട്ടെ**

നിങ്ങളെ ദ്രോഹിക്കുവാനായി ആളുകൾ നിങ്ങൾക്കെതിരെ ഗൂഢ പദ്ധതിയുണ്ടാക്കിയാൽ നിങ്ങൾ വ്യാകുലപ്പെടേണ്ടാ. ദൈവം നിങ്ങളെ നോക്കിക്കൊള്ളും. നിങ്ങളുടെ ശത്രുക്കളോടും അവിടുന്ന് ഇടപെട്ടുകൊള്ളും. "നിങ്ങളെ കാക്കുന്നവൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീ. 121:3, 4). ദൈവം നിരന്തരം ഉണർന്നിരിക്കുന്നവനാകയാൽ നമുക്കു സുഖമായി ഉറങ്ങാം.

എസ്ഥേറിന്റെ പുസ്തകത്തിൽ ഹാമാനും അയാളുടെ ഭാര്യയും ഒരു രാത്രി മുഴുവൻ ഉറക്കമിളച്ചിരിക്കുന്നതായി നാം കാണുന്നു. അവർ മൊർദ്ദേഖായിക്കെതിരായി ഗൂഢപദ്ധതിയുണ്ടാക്കുകയും മൊർദ്ദേഖായിയെ തൂക്കുവാൻ 75 അടി ഉയരമുള്ള ഒരു കഴുമരം തയ്യാറാക്കുകയും ആയിരുന്നു. (ഒരു മനുഷ്യനെ തൂക്കിക്കൊല്ലുവാൻ 10 അടി ഉയരമുള്ള ഒരു കഴുമരം മതിയാകും. എന്നാൽ ആ പട്ടണത്തിലുള്ള എല്ലാവരും ആ തൂക്കിക്കൊല കാണുവാനും അങ്ങനെ മൊർദ്ദേഖായി അധികം അധിക്ഷിപ്തനാകുവാനുമാണ് അവർ 75 അടി ഉയരമുള്ള തൂക്കുമരം ഉണ്ടാക്കിയത്). എന്നാൽ ഈ സമയം മൊർദ്ദേഖായി സുഖകരമായി ഉറങ്ങുകയായിരുന്നു. ദൈവം അയാളുടെ കാര്യം നോക്കുകയും ചെയ്തു. മൊർദ്ദേഖായിക്കുവേണ്ടി ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിൽ അന്തിമമായി ഹാമാൻ തന്നെ തൂക്കപ്പെട്ടു (എസ്ഥേർ 5:14;7:10). ഇപ്രകാരം സാത്താന്റെമേൽ തന്നെ തിരിച്ചടി വരുത്തുവാൻ ദൈവം കഴിവുള്ളവനാണ്.

നിങ്ങളുടെ ശത്രുക്കൾ നിങ്ങളെപ്പറ്റി ദൂഷണം പറഞ്ഞുകൊണ്ടും നിങ്ങൾക്കു ദോഷം ആസൂത്രണം ചെയ്തുകൊണ്ടും നിങ്ങളെ തൂക്കിക്കൊല്ലുവാൻ തന്നെ ആഗ്രഹിച്ചുകൊണ്ടും വീടുതോറും നടന്ന് പ്രചാരണം നടത്തിയേക്കാം. എങ്കിലും നിങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല. അവർ നിങ്ങൾക്കുവേണ്ടി തയ്യാറാക്കിയ തൂക്കുമരത്തിൽ അവർ തന്നെ തൂക്കപ്പെടും.

സഭയിൽ ഞങ്ങൾക്കെതിരായി പദ്ധതികൾ തയ്യാറാക്കിയവരുടെമേൽ ആ പദ്ധതികൾതന്നെ തിരിച്ചടിച്ചിട്ടുള്ളതായി വീണ്ടുംവീണ്ടും ഞങ്ങൾ കണ്ടിട്ടുണ്ട്. ആ സഹോദരന്മാർ ഞങ്ങൾക്കുവേണ്ടി തയ്യാറാക്കിയ തൂക്കുമരത്തിൽ അവർ തൂങ്ങുന്നതുകണ്ട് ഒരിക്കലും ഞങ്ങൾ സന്തോഷിച്ചിട്ടില്ല. ഞങ്ങൾ എപ്പോഴും അവരോടു ക്ഷമിക്കുകയും അവരെ അനുഗ്രഹിക്കുകയും അവർ മാനസാന്തരപ്പെട്ട് സഭയിലേക്കു

തിരിച്ചുവരുമെന്നു പ്രതീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദൈവികനിയമങ്ങൾക്കു മാറ്റമുണ്ടാവുക സാധ്യമല്ല.

''മറ്റുള്ളവർക്കു വേണ്ടി ഒരു കെണി ഒരുക്കുന്നവൻ ആ കെണിയിൽത്തന്നെ അകപ്പെടും. നിങ്ങൾ മറ്റൊരാൾക്കെതിരെ ഒരു കല്ലുരുട്ടുന്നുവെങ്കിൽ ആ കല്ലു തിരിഞ്ഞുരുണ്ട് നിങ്ങളെത്തന്നെ ചതച്ചുകളയും'' (സദൃ. 26:27 ലിവിംഗ് ബൈബിൾ). "ദൈവം ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു'' (1 കൊരി. 3:19).

താൻ വിതച്ചതു കൊയ്യുന്നതിൽ നിന്നു രക്ഷപെടുവാൻ ആർക്കും തന്നെ സാധ്യമല്ല. അതിനാൽ ആളുകൾ നമ്മെ തൂക്കിലേറ്റുവാൻ പ്ലാൻ തയ്യാറാക്കുമ്പോൾ നാം എന്തുചെയ്യണം? ഉറങ്ങുക: എന്തെന്നാൽ ദൈവം തന്റെ പ്രിയന് ഉറക്കം കൊടുക്കുന്നു (സങ്കീ. 127:2).

അപ്പോ. 12-ാം അധ്യായത്തിൽ ഹെരോദാരാജാവു പിറ്റേന്നു രാവിലെ പത്രോസിനെ കൊല്ലണമെന്നുള്ള ഉദ്ദേശ്യത്തോടെ അദ്ദേഹത്തെ ജയിലിലാക്കുന്നതായി നാം വായിക്കുന്നു. എന്നാൽ ദൈവം ആ രാത്രി പത്രോസിന് സുഖകരമായ ഉറക്കം നൽകി (വാ. 6). അപ്പോൾ ദൈവത്തിന്റെ ദൂതൻ ഇറങ്ങിച്ചെന്ന് പത്രോസിനെ ഉണർത്തി ജയിലിൽ നിന്നു മോചിപ്പിച്ചു വീട്ടിലേക്കയച്ചു. എന്നാൽ അതു കഥയുടെ അന്ത്യം ആയിരുന്നില്ല. ദൈവത്തിന്റെ ദൂതൻ രണ്ടാമതും ഭൂമിയെ സന്ദർശിച്ചു. ഇത്തവണ അദ്ദേഹം ഹെരോദാവിനെ അടിക്കുകയും കൊല്ലുകയും ചെയ്തു (വാ. 23). ദൈവം പിന്നെയും സാത്താനു തിരിച്ചടി നൽകുന്നു.

ഈസ്കര്യോത്താ യൂദാ യേശുവിനെ വഞ്ചിച്ചു. എന്നാൽ യൂദായ്ക്ക് എന്തുണ്ടായി? യേശു മരിക്കുന്നതിനു മുമ്പുതന്നെ അയാൾ മരിച്ചു (മത്താ. 27:5).

നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ നിങ്ങളെ കൊല്ലുവാൻ പദ്ധതിയുണ്ടാക്കുന്ന ഹാമാന്മാരെയും ഹെരോദാമാരെയും ഈസ്കര്യോത്താ യൂദാമാരെയും നിങ്ങൾ ഭയപ്പെടേണ്ടതില്ല.

ദൈവത്തിനെതിരായും ദൈവസഭയ്ക്കെതിരായും യുദ്ധം ചെയ്തു വിജയം വരിക്കുവാൻ യാതൊരാൾക്കും സാധ്യമല്ല. കഴിഞ്ഞകാലങ്ങളിൽ പലരും അതു ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. ഒറ്റ അപവാദം പോലുമില്ലാതെ അവരെല്ലാവരും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. നാം നിൽക്കുന്നതു വിജയത്തിന്റെ പക്ഷത്താണ്.

**പീഡനം സഹിപ്പാൻ ഒരുങ്ങിക്കൊൾക**

ഇതുകൊണ്ടു നാമൊരിക്കലും പീഡിപ്പിക്കപ്പെടുകയില്ലെന്നോ കൊല്ലപ്പെടുകയില്ലെന്നോ അർത്ഥമില്ല. ദൈവഭക്തരായ ജനങ്ങളെ അന്ത്യനാളുകളിൽ ആക്രമിക്കുകയും തടവിലടയ്ക്കുകയും കൊല്ലുകയും ചെയ്യുമെന്ന് ദാനി. 11:33-ൽ നാം വായിക്കുന്നു. യഥാർത്ഥ ദൈവദാസന്മാർ എപ്പോഴും പീഡിപ്പിക്കപ്പെടും.

യാക്കോബ് ഹെരോദാ രാജാവിനാൽ കൊല്ലപ്പെട്ടു (അപ്പോ. 12:2). ഒരു ദൈവദൂതനും അദ്ദേഹത്തെ വിടുവിക്കുവാൻ വന്നില്ല. ഹാബേൽ കൊല്ലപ്പെട്ടു. പഴയനിയമത്തിലെ എല്ലാ സത്യപ്രവാചകന്മാരും പീഡിപ്പിക്കപ്പെട്ടു (അപ്പോ. 7:52). യോഹന്നാൻ സ്നാപകൻ ശിരച്ഛേദം ചെയ്യപ്പെട്ടു. പത്രോസ് തന്നെയും

ഒടുവിൽ ക്രൂശിക്കപ്പെട്ടതായി ചരിത്രം പറയുന്നു. ആ സമയത്തു യാതൊരു ദൂതനും അദ്ദേഹത്തെ രക്ഷിപ്പാൻ വന്നില്ല. നാമറിയുന്നിടത്തോളം യോഹന്നാൻ ഒഴികെ എല്ലാ അപ്പോസ്തലന്മാരും കൊല്ലപ്പെടുകയാണുണ്ടായത്. വിദേശരാജ്യങ്ങളിൽ ദൈവഭക്തരായ ഒട്ടനേകം മിഷനറിമാർ കൊല്ലപ്പെട്ടിട്ടുണ്ട്.


യേശുക്രിസ്തുവിന്റെ വരവിനു മുമ്പ് സഭ മഹാപീഡനത്തിലൂടെ കടന്നുപോകുമെന്നും ആ സമയത്തു ദൈവത്തിന്റെ ഏറ്റവും ഉത്തമരായ ധാരാളം വിശുദ്ധന്മാർ കൊല്ലപ്പെടുമെന്നും ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നു (വെളി. 13:7). നമ്മുടെ ജീവിതകാലത്തു തന്നെയും ഏറ്റവും വിശുദ്ധരായ ചില ദൈവഭൃത്യന്മാർ ചില കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

ഓരോ വ്യക്തിയെ സംബന്ധിച്ചുമുള്ള ദൈവത്തിന്റെ ഉദ്ദേശ്യം വ്യത്യസ്തമാണ്. എന്നാൽ ഒരു കാര്യം തീർച്ച. നിങ്ങളുടെ ഐഹിക ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവത്തിന്റെ ഹിതത്തിൽ നടക്കുവാനും മാത്രമാണു നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ **നിങ്ങളുടെ ജീവിതകൃത്യം നിർവഹിച്ചുതീരുംവരെ നിങ്ങൾക്കു മരണമുണ്ടാവുകയില്ല**. ആത്മാവിൽ വിവേകശാലികളായവർക്ക് അന്ത്യനാളുകളിൽ വിപുലമായ ഒരു പ്രബോധനശുശ്രൂഷ ഉണ്ടായിരിക്കും. ദൈവജനങ്ങളുടെ ജ്ഞാനികളായ നേതാക്കന്മാർ തങ്ങളുടെ ജ്ഞാനത്തെ മറ്റു ധാരാളം പേരുമായി പങ്കുവയ്ക്കും (ദാനി. 11:33 ലിവിംഗ് ബൈബിൾ, ഗുഡ്ന്യൂസ് ബൈബിൾ).

ഇതിന്റെ മറുവശത്ത് അന്ത്യനാളുകളിൽ കർത്താവു വെറുക്കുന്നവരും സഹോദരർക്കിടയിൽ ഭിന്നത വിതച്ചുകൊണ്ടു സഞ്ചരിക്കുന്നവരുമായ ഒട്ടധികം പേർ ഉണ്ടായിരിക്കും (സദൃ. 6:1619). ജഡരക്തങ്ങളോടു പോരാടുവാൻ നാം വിസമ്മതിക്കുകമൂലം അത്തരക്കാരുമായി നാം പോരാടുന്നില്ല (എഫേ. 6:12). സാത്താനെതിരെ മാത്രമാണു നാം പോരാടുന്നത്. മനുഷ്യരായ നമ്മുടെ എല്ലാ എതിരാളികളോടും ഇടപെടുന്ന കാര്യം കർത്താവിന്റെ ദൂതനു നാം വിട്ടുകൊടുക്കുന്നു.

അനേകം വർഷങ്ങൾമുമ്പ് യാതൊരു കാര്യം പ്രമാണിച്ചും യാതൊരു മനുഷ്യവ്യക്തിയോടും പോരാടുകയില്ലെന്ന ഒരു തീരുമാനം ഞാൻ എടുത്തു. ആ തീരുമാനത്തെപ്പറ്റി ഒരിക്കലും ഞാൻ ഖേദിക്കുവാനിടയായിട്ടില്ല. ഏതെങ്കിലും വ്യക്തി എന്നോടു കലഹിക്കുവാൻ വരുമ്പോൾ ഞാൻ ഒന്നുകിൽ മൗനമവലംബിക്കുകയോ അല്ലെങ്കിൽ അവിടെനിന്നും എഴുന്നേറ്റു പൊയ്ക്കളയുകയോ ചെയ്യും. ആളുകൾ കത്തുകളിലൂടെ എന്നിൽ കുറ്റമാരോപിക്കുമ്പോൾ ഞാൻ മറുപടി അയയ്ക്കുകയില്ല. അത്തരം ആളുകൾക്കു മറുപടി എഴുതുന്നത് കേവലം സമയം പാഴാക്കലാണ്. ഞാൻ അവരോടു ക്ഷമിക്കുകയും അവരെ അനുഗ്രഹിക്കുകയും സ്നേഹിക്കുകയും തനിയെ വിടുകയും മാത്രം ചെയ്യുന്നു. സാത്താനോടു പോരാടുന്നതിൽ എന്റെ ഊർജ്ജവും ശ്രദ്ധയും കേന്ദ്രീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അപവാദിയുടെ ഈ ഏജന്റന്മാരോട് എന്നെക്കാൾ മെച്ചമായി ഇടപെടുവാൻ ദൈവ

▶ *ശേഷം പേജ് 36*



# ബൈബിളിലൂടെ... എഫെസ്യർ

## കൂട്ടായ്മ പരമ പ്രധാനം

**ക്രിസ്തുവിന്റെ** ശരീരം പണിയുന്നതിനെ സംബന്ധിച്ചാണ് എഫെസ്യ ലേഖനം പറയുന്നത്. ഓരോരുത്തരോടുമുള്ള നമ്മുടെ പെരുമാറ്റത്തിന്റെ പുറകിലുള്ള അടിസ്ഥാന തത്വം "ക്രിസ്തുവിനെക്കുറിച്ചുള്ള ഭയത്തിൽ അന്യോന്യം കീഴടങ്ങിയിരിപ്പിൻ" (5:21) എന്നതാണ്. അതിനാൽ ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കേണ്ടതു പോലെ തന്നെ ഭർത്താക്കന്മാർ ഭാര്യമാർക്കും കീഴടങ്ങിയിരിക്കണം. അതുപോലെ



*അവർക്കു സ്വാതന്ത്ര്യമായി പെരുമാറുവാൻ കഴിയുന്ന ഒരിടം അവരുടെ ഭവനമാണ്.*
*വൃത്തിയും വെടിപ്പും ഉള്ള ഭവനത്തേക്കാൾ കൂട്ടായ്മയെ എപ്പോഴും വിലമതിക്കുക.*

പിതാക്കന്മാർ മക്കൾക്കും യജമാനന്മാർ ദാസന്മാർക്കും കീഴടങ്ങിയിരിക്കണം എന്നാണതിന്റെ അർത്ഥം?

ദൈവം എല്ലാവരുടെയും ചുറ്റും ഒരു അതിർത്തി വെച്ചിരിക്കുന്നു. നാം എല്ലാവരും ആ അതിർത്തിയെ വിലമതിക്കണം. അങ്ങനെയാണ് നാം "എല്ലാ മനുഷ്യരെയും ബഹുമാനിക്കുന്നത്" (1പത്രൊ.2:17). ഭർത്താക്കന്മാർ, ഭാര്യമാർ, പിതാക്കന്മാർ, മക്കൾ, യജമാനന്മാർ, ദാസന്മാർ, എല്ലാവർക്കും ദൈവം വച്ചിരിക്കുന്ന ഒരു അതിരുണ്ട്. നിങ്ങളുടെ വീട്ടിൽ ഒരു വേലക്കാരനുണ്ടെങ്കിൽ അവന്റെ ചില അവകാശങ്ങളുടെ അതിർത്തി ലംഘിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. ഉദാഹരണത്തിന് അവനു കൃത്യമായ ശമ്പളം നൽകണം. അവന്റെ വ്യക്തിത്വത്തെ ബഹുമാനിക്കണം, അവനെ തിരുത്തുമ്പോൾ അത് അധിക്ഷേപിക്കുന്ന വിധത്തിൽ ആകരുത്. അങ്ങനെയാണ് ഒരു യജമാനൻ തന്റെ ദാസനു കീഴടങ്ങിയിരിക്കുന്നത്.

അതേപോലെ തന്നെ ഒരു കുഞ്ഞിനെ തെറ്റായ പെരുമാറ്റത്തിനു ശിക്ഷിക്കുമ്പോൾ അവന്റെ ആത്മാഭിമാനത്തെ ബഹുമാനിക്കണം. പിതാക്കന്മാർ അവരുടെ മക്കളുടെ അതിർത്തിക്കു കീഴടങ്ങിയിരിക്കണം. ഒരു പിതാവെന്ന നിലയിൽ ഞാൻ ഒരിക്കലും എന്റെ മക്കളെ മറ്റൊരാളുടെ മുമ്പിൽ വച്ച് ശിക്ഷിക്കുകയില്ല എന്നത് ഒരു നിയമമായി എടുത്തു. അതു ഒരു സന്ദർശകന്റെയോ അവരുടെ സഹോദരങ്ങളുടെയോ മുമ്പിൽ പോലും ശിക്ഷിക്കുകയില്ല എന്നു നിശ്ചയിച്ചു. കാരണം അത് ഇരട്ടി ശിക്ഷ നൽകുന്നതുപോലെയാണ്. ആദ്യം വടി പിന്നെ മറ്റുള്ളവരുടെ മുമ്പിലുള്ള അപമാനം. ചിലപ്പോൾ അപമാനം വടികൊണ്ടുള്ള അടിയേക്കാൾ അവനു വേദനാജനകമായിരിക്കും. അതിനാൽ ഒരു കുഞ്ഞിന്റെ ചുറ്റുമുള്ള ആത്മാഭിമാനത്തിന്റെ അതിർത്തിയെ അവന്റെ പിതാവ് വിലമതിക്കണം.

അതുപോലെ ഒരു ഭാര്യയുടെ ചുറ്റും ഒരു അതിർത്തി വച്ചിട്ടുണ്ട്. അവൾക്കു അടുക്കളയിൽ ഒരു പ്രത്യേക രീതിയിൽ കാര്യങ്ങൾ ചെയ്യണമെന്നുണ്ടായിരിക്കും. അത് അവളുടെ മേഖലയാണ്. അടുക്കളയിലെ കാര്യങ്ങളിൽ ഭർത്താവ് ഇടപെടരുത്. വളരെ ചിട്ടയോടെ ജീവിക്കുന്ന ദൈവഭക്തനായ ഒരു മനുഷ്യനെക്കുറിച്ചു കേട്ടിട്ടുണ്ട്. എന്നാൽ അയാളുടെ ഭാര്യ നേരെ വിപരീത സ്വഭാവക്കാരിയായിരുന്നു. അവൾ അടുക്കളയിൽ പാത്രങ്ങളും മറ്റും യാതൊരു അടുക്കും ചിട്ടയുമില്ലാതെയാണ് വച്ചിരിക്കുന്നത്. ഭർത്താവ് അടുക്കളയിൽ അവളെ സഹായിക്കുന്നതിനും പാത്രങ്ങൾ കഴുകി വയ്ക്കുമ്പോൾ അവ നല്ല വൃത്തിയോടെ അടുക്കി വയ്ക്കണമെന്നും മനസ്സിൽ തോന്നാറുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതു കാണുന്ന തന്റെ ഭാര്യ അവൾക്കതിനു കഴിയുന്നില്ലല്ലോ എന്നു ഓർത്തു നിരാശപ്പെടാനുള്ള സാദ്ധ്യതയുണ്ടെന്നു കണ്ട് അങ്ങനെ ചെയ്യുന്നില്ല. അയാളും പാത്രങ്ങൾ ഭാര്യ വയ്ക്കാറുള്ളതു പോലെ അടുക്കും ചിട്ടയുമില്ലാതെ വയ്ക്കുന്നു. അപ്പോൾ അവൾക്ക് ഒരു പ്രയാസവുമുണ്ടാവുകയില്ല. അതിന്റെ ഫലമെന്താണ്? അടുക്കള അടുക്കും ചിട്ടയുമില്ലാത്തതായിരിക്കും. എന്നാൽ അവർക്കിടയിൽ മഹത്തായൊരു കൂട്ടായ്മ ഉണ്ടായിരിക്കും. ക്രിസ്തുവിലുള്ള ഭയത്തിൽ എങ്ങനെ ഭാര്യക്കു കീഴടങ്ങിയിരിക്കണമെന്നത്

**ഭാര്യ എന്തിനെക്കുറിച്ചെങ്കിലും ദുഃഖിച്ചു നിരാശപ്പെട്ടും വ്രണപ്പെട്ടും ഇരിക്കുകയാണെങ്കിൽ ഭർത്താവ് അവളോട് സഹതപിച്ച് അവളെ സൗഖ്യമാക്കണം. അങ്ങനെ അവളെ കരുതുവാൻ താല്പര്യമില്ലാത്ത ഭർത്താവ് ഒരു തല ആയിരിക്കുവാൻ യോഗ്യനല്ല. കല്പനകൾ മാത്രം കൊടുക്കുന്ന ഒരു തല ഏകാധിപതിയാണ്. വിവേചനമുള്ള ഭർത്താവും കീഴടങ്ങിയിരിക്കുന്ന ഭാര്യയും ഒരുമിച്ചുള്ളതാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ഈ ലോകത്തിനു കാണിച്ചു കൊടുക്കുവാൻ കഴിയുന്ന ഏറ്റവും മനോഹരമായ ചിത്രം.**

ആ ദൈവഭക്തനായ സഹോദരൻ അറിഞ്ഞിരുന്നു. അവൻ വിവേകമുള്ളവനാകയാൽ താനും ഭാര്യയും തമ്മിലുള്ള കൂട്ടായ്മയാണ് ഏറ്റവും പ്രാധാന്യമുള്ളതെന്ന് അറിഞ്ഞിരുന്നു. അടുക്കളയിൽ പാത്രങ്ങൾ എങ്ങനെ ഇരിക്കുന്നു എന്നത് വലിയ കാര്യമായി കണ്ടില്ല. ചില ഭാര്യാഭർത്താക്കന്മാർ തങ്ങൾക്കിടയിലെ കൂട്ടായ്മയേക്കാൾ ഭവനത്തിന്റെ വൃത്തിക്കു പ്രാധാന്യം കൊടുക്കത്തക്ക തരത്തിൽ മടയന്മാരായിരിക്കുന്നു.

മാതാപിതാക്കളും മക്കളും തമ്മിലുള്ള കൂട്ടായ്മയ്ക്കു ഭവനത്തിന്റെ വൃത്തിയേക്കാൾ പ്രാധാന്യമുണ്ട്. തീർച്ചയായും നമ്മുടെ മക്കളെ വൃത്തിയും വെടിപ്പും അടുക്കും ചിട്ടയും പഠിപ്പിക്കണം. എന്നാൽ അവർ ചെറുപ്പമായിരിക്കുമ്പോൾ, ഭവനത്തിനുള്ളിൽ കളിച്ചു നടക്കുന്ന പ്രായത്തിൽ വീട് വൃത്തിയായി സൂക്ഷിക്കുവാൻ അവർക്കു കഴിഞ്ഞെന്നു വരികയില്ല. അവർക്കു സ്വാതന്ത്ര്യമായി പെരുമാറുവാൻ കഴിയുന്ന ഒരിടം അവരുടെ ഭവനമാണ്. വ്യക്തിപരമായി എന്റെ വീട് വളരെ വൃത്തി ആയി മറ്റുള്ളവർ കാണണമെന്ന വിചാരം എനിക്കില്ല. എന്നാൽ എന്റെ ഭാര്യയും മക്കളും ഭവനത്തിൽ വളരെ സന്തോഷമായി ഇരിക്കണമെന്നും അവരുമായി നല്ല കൂട്ടായ്മ വേണമെന്നും എനിക്കുണ്ട്. അതാണ് എന്നെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളത്. വൃത്തിയും വെടിപ്പും ഉള്ള ഭവനത്തേക്കാൾ കൂട്ടായ്മയെ എപ്പോഴും വിലമതിക്കുക.

തുടർന്നു എഫെസ്യർ 5ൽ ഒരു ഭാര്യ തന്റെ തലയെന്ന പോലെ ഭർത്താവിന്റെ അധികാരത്തെ തിരിച്ചറിയണം എന്നു പറയുന്നു. ദൈവം ഭർത്താവിനെ തലയായി വച്ചിരിക്കുന്നു. ശരീരത്തിൽ തലച്ചോറ് എന്നതു പോലെ തല (തലച്ചോറ്) ശരീരത്തിലെ എല്ലാ അവയവങ്ങളേയും കരുതുന്നു (5:28). ഇങ്ങനെ തന്നെ ഭർത്താക്കന്മാരും ഭാര്യമാരെ കരുതണം. തലയായിരിക്കുകയെന്നാൽ ചില ഉത്തരവുകൾ നൽകുക എന്നു മാത്രമല്ല. തല ശരീരത്തിനു കല്പനകൾ നൽകുന്നുണ്ട്. അതു കാലിനോടും കൈകളോടും നാവിനോടും പല കാര്യങ്ങൾ ചെയ്യാൻ പറയുന്നുണ്ട്. എന്നാൽ തല അവയവങ്ങളെ കരുതുകയും ചെയ്യുന്നു. ശരീരത്തിൽ എവിടെയെങ്കിലും ഒരു ചെറിയ മുറിവുണ്ടായാൽ തല അത

റിഞ്ഞ് ഉടനെ എന്തെങ്കിലും ചെയ്യുന്നു. അതുപോലെ തന്നെ ഒരു ഭർത്താവും തന്റെ ഭാര്യ വ്രണപ്പെട്ടാൽ അത് അറിയാൻ തക്ക ബോധമുള്ളവനായിരിക്കണം. അങ്ങനെയാണ് തലയാകുന്ന ക്രിസ്തു നമ്മോട് ഇടപെടുന്നത്. കേവലം ശരീരത്തിലുണ്ടാകുന്ന മുറിവുകളെക്കുറിച്ച് മാത്രമല്ല ഞാൻ പറയുന്നത്. എന്നാൽ വികാരപരമായി വ്രണപ്പെടുന്നതു കൂടി ചേർന്നാണ്. ഭാര്യ എന്തിനെക്കുറിച്ചെങ്കിലും ദുഃഖിച്ചു നിരാശപ്പെട്ടും വ്രണപ്പെട്ടും ഇരിക്കുകയാണെങ്കിൽ ഭർത്താവ് അവളോട് സഹതപിച്ച് അവളെ സൗഖ്യമാക്കണം. അങ്ങനെ അവളെ കരുതുവാൻ താല്പര്യമില്ലാത്ത ഭർത്താവ് ഒരു തല ആയിരിക്കുവാൻ യോഗ്യനല്ല. കല്പനകൾ മാത്രം കൊടുക്കുന്ന ഒരു തല ഏകാധിപതിയാണ്. വിവേചനമുള്ള ഭർത്താവും കീഴടങ്ങിയിരിക്കുന്ന ഭാര്യയും ഒരുമിച്ചുള്ളതാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ഈ ലോകത്തിനു കാണിച്ചു കൊടുക്കുവാൻ കഴിയുന്ന ഏറ്റവും മനോഹരമായ ചിത്രം. അങ്ങനെ ആയിരിക്കണം എല്ലാ ഭവനങ്ങളും പണിയപ്പെടേണ്ടത്. അതിനു സമയം എടുക്കും. എന്നാൽ നാം അതിനു മുഴുവൻ ഹൃദയവും വച്ച് ശ്രമിച്ചു കൊണ്ടിരിക്കണം.

കുഞ്ഞുങ്ങളെ മാതാപിതാക്കന്മാർ അനുസരണമുള്ളവരായി വളർത്തണം (6:1–4). നാം നമ്മുടെ മക്കളെ പഠിപ്പിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം മാതാപിതാക്കളോടുള്ള അനുസരണമാണ്. ദാസന്മാർ അവരുടെ യജമാനന്മാരെ ദൃഷ്ടിസേവയാലല്ല ഹൃദയപൂർവ്വം അനുസരിക്കണമെന്നാണ് കല്പിക്കുന്നത്. യജമാനന്മാർ ദാസന്മാരോട് ദയവോടെയും പക്ഷപാതമില്ലാതെയും പെരുമാറണമെന്നു പറയുന്നു (6:5–9).

6:10–18 വാക്യങ്ങളിൽ സാത്താനുമായുള്ള പോരാട്ടത്തെക്കുറിച്ചു നാം വായിക്കുന്നു. ആത്മീയ പോരാട്ടത്തെക്കുറിച്ചു പറയുന്ന ഭാഗം, ഭവനത്തെക്കുറിച്ചു പറയുന്ന ഭാഗം കഴിഞ്ഞ ഉടനെയാണെന്നുള്ള കാര്യം ശ്രദ്ധിക്കുക. പിശാച് ആദ്യം ആക്രമിക്കുന്നത് ഭവനങ്ങളിലാണ്. നാം സാത്താനോട് എതിർത്തു നിൽക്കണം. അപ്പോൾ തന്നെ ജഡരക്തങ്ങളോട് പോരാടുകയുമരുത് (6:12). നിങ്ങൾക്കു സാത്താനോടു ഫലപ്രദമായി പോരാടണമെങ്കിൽ അതിനു വേണ്ട ആദ്യ യോഗ്യത മനുഷ്യരോടുള്ള പോരാട്ടം അവസാനിപ്പിക്കുകയെന്നതാണ്. പല വിശ്വാസികളേയും സാത്താൻ കീഴടക്കിയിരിക്കുന്നതിനു കാരണം അവർ മനുഷ്യരുമായി വളരെ പോരാടുന്നു എന്നതാണ്. വളരെ വർഷങ്ങൾക്കു മുൻപെ ഞാൻ ഒരു തീരുമാനമെടുത്തു. ഞാൻ ഒരിക്കലും ഒരു മനുഷ്യനുമായി ഒരു കാര്യത്തിലും പോരാടുകയില്ല എന്ന്. അപ്പോൾ എനിക്കു സാത്താനോടു കൂടുതൽ ഫലപ്രദമായി പോരാടുവാൻ കഴിയുന്നു എന്നു ഞാൻ കണ്ടു. നിങ്ങൾ കേവലം ഒരു തീരുമാനമെടുത്താൽ പോരാ. ഇനി ഒരിക്കലും ഒരു മനുഷ്യനുമായി പോരാടുകയില്ല എന്ന് ഉറയ്ക്കണം. എങ്കിൽ നിങ്ങൾക്കു സാത്താനെ നിരന്തരം ജയിക്കുവാനും ദൈവത്തിനും സഭയ്ക്കും പ്രയോജനമുള്ള ഒരു ജീവിതം ജീവിക്കുവാനും സാധിക്കും.

'സർവ്വായുധ വർഗ്ഗം' ദൈവം നമുക്കു നൽകിയിട്ടുള്ള പലവിധ ആത്മീയ ഉപകരണങ്ങളാണ്. ഒന്നാമത് സത്യമെന്ന അരപ്പട്ട. സത്യമെ

ന്നാൽ ആത്മാർത്ഥത, കാപട്യമില്ലായ്മ, ഭോഷ്ക്കു പറയാതിരിക്കുക എന്നിവയാണ്. ഈ പാപങ്ങളിൽ നിന്നു സ്വതന്ത്രമായില്ലെങ്കിൽ സാത്താനോട് പോരാടുവാൻ ചിലപ്പോൾ നാം മറന്നു പോകും. പിശാച് ഭോഷ്ക്കു പറയുന്നവനാണ്. നിങ്ങളുടെ ആന്തരിക ജീവിതത്തിൽ ഭോഷ്ക്കുണ്ടെങ്കിൽ പിശാച് നിങ്ങളോടും നിങ്ങളുടെ അകത്തെ മനുഷ്യനോടും കൂട്ടായ്മയുണ്ടാക്കുകയാണ്. അപ്പോൾ നിങ്ങൾക്കു സാത്താനെ ജയിക്കുവാൻ കഴിയുകയില്ല. അതിനാൽ നിങ്ങളുടെ ജീവിതം എപ്പോഴും സുതാര്യവും യാതൊരു കപടവും ഇല്ലാത്തതാകണം എന്ന് ഉറപ്പു വരുത്തുക.

കവചം നീതിയെന്നതാണ്. ഇവിടെ രണ്ടു തരത്തിലുള്ള നീതിയുണ്ട്. 1) നമ്മുടെ ഉള്ളിലാക്കപ്പെട്ട ക്രിസ്തുവിന്റെ നീതി. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മെ നീതിയുള്ളവരായി ദൈവം പ്രഖ്യാപിക്കുന്നത്. 2) നാം ആത്മീയമായി വളരുമ്പോൾ അല്പാല്പമായി പരിശുദ്ധാത്മാവിനാൽ നമ്മുടെ മേൽ പകരപ്പെടുന്ന ക്രിസ്തുവിന്റെ നീതി. എപ്പോഴും നല്ല മനസ്സാക്ഷി സൂക്ഷിക്കുക. ദൈവം കാണിച്ചു തരുന്ന കാര്യങ്ങൾ അപ്പഴപ്പോൾ അനുസരിക്കുകയും ചെയ്യുന്നതാണത്.

അടുത്തത് സുവിശേഷത്തിനുള്ള ഒരുക്കമെന്ന ചെരുപ്പാണ്. മറ്റുള്ളവരോട് സുവിശേഷം പറയുകയെന്നത് സാത്താനെ തോല്പിക്കുന്നതിനുള്ള ഒരു വഴിയാണെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? മടിയന്മാരും മറ്റുള്ളവരോട് സുവിശേഷം പറയുന്നതിൽ താല്പര്യമില്ലാത്തവരും ആയവരെ പിശാച് വേഗം കീഴ്പ്പെടുത്തും. എന്നാൽ ദൈവത്തെ സേവിക്കുന്നതിൽ ഉത്സാഹമുള്ളവരെ ദൈവം സംരക്ഷിക്കും. ഞാൻ ഓർക്കുന്നു, എന്റെ ചെറുപ്പകാലത്ത് ഞാൻ എന്റെ ഒഴിവു സമയത്തിലധികവും വചനം പഠിക്കുന്നതിനും മറ്റു വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുന്നതിനുമാണ് ചെലവഴിച്ചിരുന്നത്. അത് ഒരു ചെറുപ്പക്കാരനെന്ന നിലയിൽ എനിക്കു നേരിടേണ്ടി വന്ന പലവിധ പ്രലോഭനങ്ങളിൽ നിന്നും എന്നെ രക്ഷിച്ചതും ഞാൻ ഓർക്കുന്നു. എനിക്കൊരു ജോലിയുണ്ടായിരുന്നു എന്നാലും ഞാൻ ആഴ്ചയിൽ രണ്ടു ദിവസം വീതം ചില മണിക്കൂറുകൾ കൊച്ചി പട്ടണത്തിന്റെ (ഞാൻ താമസിച്ചിരുന്ന പട്ടണം) തെരുവുകളിൽ സുവിശേഷം പ്രസംഗിക്കുമായിരുന്നു. ഞാൻ അവിടെ നാവിക കേന്ദ്രത്തിൽ ജോലി ചെയ്തിരുന്ന രണ്ടു വർഷം കൊണ്ട് ആ പട്ടണത്തിൽ ഭൂരിഭാഗം തെരുവുകളിലും പ്രസംഗിച്ചിട്ടുണ്ട്. ലഘുലേഖകൾ വിതരണം ചെയ്യുക, നാലോ അഞ്ചോ പേരുടെ കൂട്ടത്തോട് ഭവനങ്ങളിൽ പോയി സുവിശേഷം പങ്കു വയ്ക്കുക തുടങ്ങിയ സുവിശേഷപ്രവർത്തനങ്ങൾ നടത്തുക വഴി ഞാൻ തിരക്കുള്ളവനായിരുന്നു. അതെന്നെ പല പ്രലോഭനങ്ങളിൽ നിന്നും സംരക്ഷിച്ചു. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാതെ ധാരാളം ഒഴിവു സമയം ലഭിക്കുമ്പോളാണ് പല പ്രലോഭനങ്ങളും വരുന്നത്. പ്രവർത്തനരഹിതമായിരിക്കുന്ന ഒരു മനസ്സ് പിശാചിന്റെ പണിസ്ഥലമാണ്. ദൈവത്തിൽ നിന്നുള്ള സമാധാനത്തിന്റെ സുവിശേഷം അറിയിക്കുവാൻ നമ്മുടെ കാലുകൾ എപ്പോഴും ഒരുക്കമുള്ളതായിരിക്കണം. ശ്രമിച്ചു നോക്കുക. അത് സാത്താനോടുള്ള പോരാട്ടത്തിൽ നിങ്ങളെ സഹായിക്കുന്നത് കാണുക.

സർവ്വായുധ വർഗ്ഗത്തിലെ അടുത്ത ഇനം വിശ്വാസമെന്ന പരിചയാണ്. നമ്മോടുള്ള ദൈവസ്നേഹത്തിന്മേൽ സംശയം ഉണ്ടാക്കുക എന്നതാണ് സത്താന്റെ മുഖ്യ ആയുധങ്ങളിൽ ഒന്ന്. ഏദൻ തോട്ടത്തിൽ ഹവ്വയ്ക്കു നേരെ അവൻ തൊടുത്തത് ഈ മിസൈൽ ആയിരുന്നു. ദൈവം നിന്നെ വാസ്തവമായി സ്നേഹിക്കുന്നുവെങ്കിൽ മനോഹരമായ ഈ പഴം ഭക്ഷിക്കുന്നതിൽ നിന്നും വിലക്കുകയില്ലായിരുന്നു എന്നു പറഞ്ഞു സംശയത്തിന്റെ ഒരു വിത്ത് അവളുടെ മനസ്സിൽ ഇട്ടു. ആ മിസൈൽ അവളെ വീഴ്ത്തി. വിശ്വാസമെന്നാൽ എല്ലാ സാഹചര്യത്തിലും ദൈവം നമ്മെ തീവ്രമായി സ്നേഹിക്കുന്നു എന്നും അവിടുന്നു നമുക്കായി ഏറ്റവും നല്ലത് ആഗ്രഹിക്കുന്നുവെന്നും വിശ്വസിക്കുന്നതാണ്. നാം പരാജയപ്പെടുമ്പോഴും അവിടുന്നു നമ്മെ സ്നേഹിക്കുന്നുവെന്നു നാം അറിയണം. അപ്പോൾ സാത്താന്റെ എത്ര ഘോരമായ മിസൈലും തകർക്കപ്പെടും!

അഞ്ചാമത്തെ ഇനമാണ് ആത്മാവിന്റെ വാൾ. യേശു എപ്പോഴും ദൈവവചനം എടുത്തു പറഞ്ഞുകൊണ്ടാണ് സാത്താനെ ജയിച്ചത്. അവിടുന്നു ഹവ്വയെ പോലെ സാത്താനുമായി ഒരു ചർച്ചയ്ക്കു തുനിഞ്ഞില്ല. സാത്താനോടു ദൈവം എന്താണ് പറഞ്ഞിരിക്കുന്നതെന്നു പറയുക മാത്രം ചെയ്തു. അങ്ങനെ അവിടുന്ന് എപ്പോഴും ജയാളി ആയി. പ്രലോഭനങ്ങളുടെ സമയത്തു നാം ഈ വചനങ്ങൾ ഏറ്റു പറയണം. "നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനം അവിടുന്ന് അനുവദിക്കുകയില്ല" (1 കൊരി. 10:13). ''പാപത്തിന് എന്റെ മേൽ അധികാരമില്ല" (റോമ. 6:14). "വീഴാതെവണ്ണം കാത്തു സൂക്ഷിക്കുവാൻ യേശുവിനു കഴിവുണ്ട്" (യൂദാ 24). സാത്താനോട് ദൈവവചനം ഏറ്റു പറയുക. അപ്പോൾ അവൻ യേശുവിനെ വിട്ട് ഓടി പോയതുപോലെ നിങ്ങളേയും വിട്ട് ഓടി പോകും (യാക്കോ. 4:7).

ഒടുവിൽ നാം നമ്മുടെ സർവ്വായുധ വർഗ്ഗത്തെ എണ്ണയിട്ട് സൂക്ഷിക്കേണ്ടതുണ്ട്. എങ്ങനെയാണ് നാം അതു ചെയ്യുന്നത്? "ഏതു സമയത്തും ആത്മാവിൽ പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ" (6:18). ആത്മാവിൽ പ്രാർത്ഥിക്കുക എന്നാൽ അന്യഭാഷയിൽ പ്രാർത്ഥിക്കുക എന്നല്ല. അന്യഭാഷയിലുള്ള പ്രാർത്ഥനയെ ആത്മാവു കൊണ്ടുള്ള പ്രാർത്ഥന എന്നാണ് വിളിക്കുന്നത്. ആത്മാവിൽ പ്രാർത്ഥിക്കുകയെന്നാൽ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പ്രാർത്ഥിക്കുന്നതാണ്. അതു ജഡത്തിൽ നിന്നുള്ളതല്ല. ആത്മാവിനാൽ നമ്മുടെ മനസ്സ് പുതുക്കുകയും നാവിനെ അവിടുത്തെ നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുമ്പോൾ നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കും. പൗലൊസ് പറയുന്നു - ''എനിക്കു വേണ്ടിയും പ്രാർത്ഥിക്കുവിൻ." ദൈവത്തിനായി മുൻനിരയിൽ നിന്നു പോരാടുന്ന ദൈവദാസന്മാർക്കായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ മുഴുവൻ സർവ്വായുധ വർഗ്ഗവും ഉപയോഗിച്ചു പാതാള ഗോപുരങ്ങൾ ജയിക്കാത്ത ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ നമുക്കു പണിയാൻ കഴിയും. (*അവസാനിച്ചു*)

(*മൊഴിമാറ്റം:* **സാജു ജോസഫ്**)

അടുത്ത ലക്കത്തിൽ:
**ഫിലിപ്യ ലേഖനം**

ദൈവം യോജിപ്പിച്ചത്

# മരിയയും ഹഡ്സനും

## കണ്ണീരിൽ വിതച്ചു; ആർപ്പോടെ കൊയ്തു



**ചൈനയുടെ** സുവിശേഷീകരണത്തിൽ ഏറ്റവും കൂടുതൽ പങ്കു വഹിച്ച മിഷനറിയായിരുന്നു ഹഡ്സൺ ടെയ്‌ലർ. നീണ്ട അൻപത്തൊന്നു വർഷത്തെ തന്റെ ശുശ്രൂഷയ്ക്കിടയിൽ ഹഡ്സൺ രൂപീകരിച്ച ചൈനാ ഉൾനാട് മിഷൻ (China Inland Mission) എന്ന സംഘടനയിൽക്കൂടി ഇരുപത് മിഷനറി കേന്ദ്രങ്ങൾ, 849 മിഷനറിമാർ, ചൈനയിൽ നിന്നു പരിശീലിപ്പിച്ചെടുത്ത എഴുന്നൂറോളം സുവിശേഷകർ, ഏകദേശം 1,25,000 അംഗങ്ങൾ വരുന്ന ചൈനയിലെ സഭ എന്നിവ ഉടലെടുത്തു. സ്നേഹിതർക്ക് അദ്ദേഹം സ്വയം ഇപ്രകാരം പരിചയപ്പെടുത്തി; 'അതിവിശിഷ്ടനായ യജമാനന്റെ ഒരു എളിയ ദാസൻ മാത്രമാണ് ഞാൻ.'' അതേ; പൗലൊസിനെപ്പോലെ "ആ പാപികളിൽ ഞാൻ ഒന്നാമൻ'' (1 തിമൊ. 1:15) എന്ന ബോധ്യമായിരുന്നു ഹഡ്സനു തന്നെക്കുറിച്ച് ഉണ്ടായിരുന്നത്. എന്നാൽ പിൽക്കാലത്ത് ക്രിസ്തീയ തലമുറ അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും വിലയിരുത്തിയപ്പോൾ കണ്ടു മുട്ടിയത്, അചഞ്ചലനായ ഒരു ദൈവവിശ്വാസിയെയാണ്. ദൈവവചനത്തിൽ ദൃഢധൈര്യമുള്ളവനായി, സുവിശേഷം ചൈനയുടെ ഉൾഗ്രാമങ്ങളിലെത്തിച്ച് അത്ഭുത പ്രവർത്തനങ്ങൾ കാഴ്ച വച്ച എളിയ ദാസൻ.

പണപ്പിരിവുകളും സഭയുടെ പിന്തുണയുമില്ലാതെ, ഒരു 'വിശ്വാസകൂട്ടായ്മ'- അതായിരുന്നു അദ്ദേഹത്തിന്റെ പ്രസ്ഥാനം. മറ്റു മിഷനറി പ്രസ്ഥാനങ്ങളെപ്പോലെ ഭരണകേന്ദ്രം ഇംഗ്ലണ്ടു പോലെയുള്ള വിദൂര സ്ഥലങ്ങളിലേക്കു മാറ്റാതെ ചൈനയിൽ തന്നെയായിരിക്കും എന്നു തീരുമാനിച്ചു. ഇതു വളരെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ ആയിരുന്നു. ടെയ്‌ലറുടെ ശുശ്രൂഷയുടെ പ്രമാണങ്ങൾ തികച്ചും വിലമതിക്കത്തക്കതാണ്. "ക്രിസ്തീയ പ്രവർത്തനങ്ങൾ ദൈവഹിതപ്രകാരം മുന്നോട്ടു പോകുമ്പോൾ; അതിനാവശ്യമായ ആളുകൾ, പണം, സംരക്ഷണം, സമാധാനം, മറ്റു സഹായങ്ങൾ ഇത്യാദി കാര്യങ്ങൾക്ക് ഒരു കുറവും വരികയില്ല."- പ്രശസ്തമായ ഈ ഉദ്ധരണി ടെയ്‌ലറുടെതാണ്. ആരോടെങ്കിലും ധനസഹായം ആവശ്യപ്പെടുന്നതിൽ നിന്നും അദ്ദേഹം വിട്ടു നിന്നു. 'പണത്തിനു വേണ്ടി മറ്റുള്ളവരുടെ മുന്നിൽ

കൈനീട്ടേണ്ടി വരുമ്പോൾ അതു ശുശ്രൂഷയുടെ അന്ത്യം കുറിക്കുകയാണ്' – ഇതായിരുന്നു ഹഡ്സന്റെ നിലപാട്.

1832–ൽ ഇംഗ്ളണ്ടിലെ ഖനി വ്യവസായ മേഖലയായ 'ബോൺസ്ലെ' എന്ന സ്ഥലത്തുള്ള യോർക്ഷെയർ എന്ന ഗ്രാമത്തിലാണ് ഹഡ്സൺ ജനിച്ചത്. പിതാവ് ജെയിംസ് ടെയ്‌ലർ മരുന്നു വ്യാപാരിയും. അന്നാട്ടിലെ മെഥഡിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജോൺ വെസ്ളി 1786ൽ ഹഡ്സന്റെ പിതാവിന്റെ ഭവനം സന്ദർശിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുപ്പം തൊട്ടു തന്നെ ജെയിംസ് ടെയ്‌ലർക്കും ചൈനയിലെ മിഷനറി പ്രവർത്തനങ്ങളെക്കുറിച്ചു താത്പര്യമുണ്ടായിരുന്നു. ഹഡ്സന്റെ ബാല്യകാലത്തു വിദേശ മിഷനറിമാർ അദ്ദേഹത്തിന്റെ ഭവനം സന്ദർശിക്കുക പതിവായിരുന്നു. ഹഡ്സണും അനിയത്തിമാർക്കും കുടുംബാംഗങ്ങൾക്കൊപ്പം ഇരുന്നു മിഷനറിമാരുടെ അനുഭവങ്ങൾ കേൽക്കുന്നത് സന്തോഷകരമായിരുന്നു. പ്രസംഗങ്ങളെക്കുറിച്ചും വിവിധ ഉപദേശങ്ങളെക്കുറിച്ചും വിദൂര ദേശങ്ങളിൽ നടത്തേണ്ട സുവിശേഷ വേലകളെക്കുറിച്ചും അവർ ചർച്ച ചെയ്യുമായിരുന്നു. ഈ ചർച്ചകളിൽ അധികമായി ഉയർന്നു വന്നത് ചൈനയുടെ കാര്യമാണ്. ഈ സാഹചര്യങ്ങൾ കുഞ്ഞുങ്ങളിൽ നല്ല ആത്മീയ സ്വാധീനം ഉണ്ടാക്കി. ബാല്യം മുതൽ തന്നെ ചൈനയിലേക്ക് ഒരു മിഷനറിയായി പോകുവാനുള്ള വാഞ്ഛ ഹഡ്സന്റെ മനസ്സിൽ ഉദിച്ചു. ഇടയ്ക്കു തന്റെ കൂട്ടുകാരോടു പറഞ്ഞു: "ഞാൻ വലുതാകുമ്പോൾ ചൈനയിലെ മിഷനറിയാകും.'' 'ചൈന' എന്ന ശീർഷകത്തിൽ കിട്ടിയ ലഘുലേഖ അവൻ വേഗം വായിച്ചു തീർത്തു. എന്നാൽ തന്റെ മോശമായ ആരോഗ്യം ചൈനയിൽ പോകുന്നതിന് തടസ്സമാകുമോ എന്നും അവൻ ശങ്കിച്ചു. എല്ലാ ദിവസവും ഉറങ്ങുന്നതിനു മുൻപു മക്കളായ ഹഡ്സൺ, അമീലിയ, ലോയിസ എന്നിവരെ ചേർത്തു പിടിച്ച്, മുട്ടുകുത്തി നിന്നുകൊണ്ട് പിതാവായ ജെയിംസ് ടെയ്‌ലർ പ്രാർത്ഥിക്കുമായിരുന്നു. എന്നിട്ട് ഇപ്രകാരം പറയും; ''വേദപുസ്തകത്തെ നിങ്ങൾ സ്നേഹിക്കണം. നമ്മുടെ സ്വർഗ്ഗീയ പിതാവ് ഒരിക്കലും കളവു പറയുകയില്ല. അവൻ നിങ്ങളെ ഒരു നാളും കൈവിടില്ല.'' പിതാവിന്റെ വിശ്വാസവും മാതാവിന്റെ പ്രാർത്ഥനയും ഹഡ്സന്റെ പിൽക്കാല ജീവിതത്തിന് വളരെ സഹായകമായി.

ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ നല്ല ആരോഗ്യമോ, പ്രസരിപ്പോ ഹഡ്സണ് ഇല്ലായിരുന്നു. ഈ അവസ്ഥ മൂലം പതിനൊന്നാമത്തെ വയസ്സു വരെ സ്കൂളിൽ പോകുവാൻ സാധിച്ചില്ല. അതിനുശേഷം സ്കൂളിൽ ചേർന്ന ഹഡ്സൺ പഠിക്കുവാൻ സമർത്ഥനായിരുന്നുവെങ്കിലും അസുഖങ്ങൾ മൂലം വീണ്ടും പഠനം നിർത്തേണ്ടി വന്നു. കൂട്ടുകാരോട് ചേർന്നു കളിക്കുവാനോ ഉല്ലസിക്കുവാനോ കഴിയാതെ പോയി. തുടർന്നു പഠനം മിക്കവാറും വീട്ടിൽത്തന്നെ നടത്തുകയും ചില സമയങ്ങളിൽ, പിതാവിനെ മരുന്നു കടയിൽ സഹായിക്കുകയും ചെയ്തു. കൗമാരപ്രായത്തിലെത്തിയ ഹഡ്സൺ ഒരു മാനസിക സംഘർഷത്തിലൂടെ കടന്നുപോയി. ഒരുതരം അന്തർമുഖത്വവും ഏകാന്തതയും അവനെ വലയം ചെയ്തു. ആകെ ഉള്ളു തുറന്ന് അവൻ സംസാരിച്ചിരുന്നത് അനു

ജത്തി അമിലിയയോടു മാത്രമായിരുന്നു. ജീവിത ചെലുകൾക്കായി ഒരു ബാങ്കിൽ ക്ലാർക്ക് ആയി ജോലി ചെയ്തു. തന്റെ സഹപ്രവർത്തകർ വെറും ലൗകിക മനുഷ്യരായിരുന്നു. ഹഡ്സന്റെ ദൈവവിശ്വാസത്തെയും ആത്മീയ ദർശനങ്ങളെയും അവർ പരിഹസിച്ചു. ഈ സാഹചര്യം തന്റെ ആത്മീയ ജീവിതത്തിനു മങ്ങലേൽപ്പിച്ചു. പുറമേ പ്രസന്നവദനനായി കാണപ്പെട്ടുവെങ്കിലും ആന്തരികമായി സംശയങ്ങളും പിരിമുറുക്കങ്ങളും അനുഭവപ്പെട്ടു. ക്രമേണ ഒരു ലോകമനുഷ്യനെപ്പോലെ ജീവിതത്തിന്റെ ഉല്ലാസങ്ങളിലേക്കു ശ്രദ്ധ തിരിഞ്ഞു. നായാട്ടിലും മറ്റും അവൻ സന്തോഷം കണ്ടെത്തി. എന്നാൽ പെട്ടെന്നു കണ്ണിന് അസുഖം ബാധിച്ചതുകൊണ്ടു ജോലി രാജി വച്ചിട്ടു വീട്ടിലേക്കു പോരേണ്ടി വന്നു. ചെറുപ്പക്കാരനായിരുന്ന ഹഡ്സന്റെ മുഖത്തു പ്രതിഫലിച്ച മ്ലാനത കുടുംബാംഗങ്ങളേയും ബാധിച്ചു. മകന്റെ ആത്മീയ ജീവിതത്തിൽ പ്രയാസം ഉണ്ടെന്നു കണ്ട്, അവന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി സഹായിക്കുവാൻ പിതാവു ശ്രമിച്ചു. എങ്കിലും ക്ഷമയോടെ അവനെ ഉൾക്കൊള്ളുവാനോ സ്വാതന്ത്ര്യത്തിലേക്കു നയിക്കുവാനോ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ വെറും പതിമൂന്നു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന അനിയത്തി അമിലിയയ്ക്കു ഹഡ്സന്റെ പ്രശ്നങ്ങളെ കുറച്ചുകൂടി മനസ്സിലാക്കാൻ കഴിഞ്ഞു. അവളിൽ വിശ്വാസം തോന്നിയ ഹഡ്സൺ തന്റെ പ്രശ്നങ്ങൾ മനസ്സു തുറന്നു സംസാരിക്കുകയും ഉപദേശം തേടുകയും ചെയ്തു. മോശെയുടെ സഹോദരി മിരിയാമിനെപ്പോലെ, തന്റെ സഹോദരനും ഒരു സംരക്ഷണം ആവശ്യമാണെന്ന് അമിലിയയ്ക്കു തോന്നിയിരിക്കാം. ഹഡ്സന്റെ അവസ്ഥ മനസ്സിലാക്കിയ അമിലിയ ദുഃഖിതയായെങ്കിലും നിരാശപ്പെട്ടു പോയില്ല. പ്രതിസന്ധിയുടെ മധ്യേ ഭക്തനായ ദാനിയേൽ ചെയ്തതുപോലെ, ഹഡ്സന്റെ മാനസാന്തരത്തിനുവേണ്ടി ദിവസവും മൂന്നുനേരം അവൾ പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. മകൻ വീണ്ടും വിശ്വാസം പ്രാപിച്ച് ആത്മീയ പുരോഗതി കൈവരിക്കേണ്ടതിനായി മാതാവും നിരന്തരം ദൈവസന്നിധിയിൽ അപേക്ഷയും അഭയ യാചനയും കഴിച്ചു. ഇതൊന്നും ഗൗനിക്കാതെ ഹഡ്സൺ സംശയങ്ങളും ആശങ്കകളും പേറി പൊയ്ക്കൊണ്ടിരുന്നു. എന്നാൽ അതിശയകരമാം വിധം ഒരു നാൾ ദൈവം അവനെ സന്ധിച്ചു.

ഒരു മധ്യാഹ്ന സമയത്ത് അവരുടെ വീടിന്റെ കളപ്പുരയിൽ സൂക്ഷിച്ചിരുന്ന പിതാവിന്റെ പുസ്തകശേഖരത്തിൽ നിന്നു യാദൃച്ഛികമായി ഒരു ലഘുലേഖ ഹഡ്സന് കിട്ടി! 'നിവൃത്തിയായി' എന്നതായിരുന്നു അതിന്റെ ശീർഷകം. അലസമായി അവനത് വായിക്കുവാൻ ആരംഭിച്ചു. 'യേശുക്രിസ്തവിന്റെ പൂർത്തിയായ വേല' എന്ന ഭാഗം ഹഡ്സനെ കൂടുതലായി ചിന്തിപ്പിച്ചു. അവന്റെ പാപങ്ങളെക്കുറിച്ച് അവനു ബോധ്യം വന്നു. അതിൽ തുടർന്നാൽ വരുന്ന അപകടത്തെക്കുറിച്ചും പരിശുദ്ധാത്മവു താക്കീതു നൽകി. തന്റെ പാപത്തിനു പൂർണ്ണ പരിഹാരമായി, യേശുവിന്റെ ക്രൂശുമരണത്തെ ഗ്രഹിക്കുന്നതിനും തന്റെ ജീവിതം അവങ്കൽ സമർപ്പിക്കുന്നതിനും ഇടയായി. ഈ അനുഭവത്തെപ്പറ്റി തന്റെ ഡയറിയിൽ ഇപ്രകാരം എഴുതി; 'ഞാൻ യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷാനുഭവ

ത്തിലേക്കു വന്നു. അത് എന്റെ ജീവിതത്തെ മാറ്റി. സ്വാതന്ത്ര്യം, സന്തോഷം, ആന്തരിക സമാധാനം എന്നിവ ക്രിസ്തു എനിക്കു ദാനമായി നൽകിയിരിക്കുന്നു.'' ഇതേദിവസം ഉച്ചകഴിഞ്ഞ സമയത്തു ഹഡ്സന്റെ മാതാവ്, എഴുപത്തഞ്ച് മൈൽ അകലെയുള്ള ഒരു ബന്ധുവിന്റെ ഭവനത്തിലായിരുന്നു. പെട്ടെന്നു മകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവാനുള്ള വലിയ ആത്മഭാരം മാതാവിനുണ്ടായി. ദൈവത്തിൽ നിന്നും ആശ്വാസവും ഉറപ്പും ലഭിക്കുന്നതുവരെ പ്രാർത്ഥന തുടർന്നു. പിന്നീട് ഇതേ സമയത്തു തന്നെയാണ് തന്റെ മകനോടും കർത്താവ് ഇടപെട്ടത് എന്നു മനസ്സിലാക്കുവൻ കഴിഞ്ഞു.

മാനസാന്തരത്തിന്റെ അനുഭവം ഹഡ്സണിൽ പുതിയ ഉണർവ്വ് ഉണ്ടാക്കി. വേദപുസ്തകത്തിൽ ലയിച്ചിരിക്കുന്നത് പതിവായി. ജീവനുള്ള വചനങ്ങളും വാഗ്ദാനങ്ങളും തന്നെ ധൈര്യപ്പെടുത്തി. പ്രാർത്ഥനയിൽ കൂടിയുള്ള ദൈവസാന്നിധ്യം സുപരിചിതമായ ഒരനുഭൂതിയായിത്തീർന്നു. പിതാവും മാതാവും അമിലിയയും വളരെയധികം സന്തോഷിച്ചു. അവരെല്ലാവരും കണ്ണുനീരിൽ വിതച്ചു. ആർപ്പോടെ കൊയ്ത്തും നടന്നു. രക്ഷയുടെ സുവിശേഷം പ്രസംഗിക്കുന്നതിനുള്ള വാഞ്ഛ ഹഡ്സണിൽ ഉയർന്നു. ഒരിക്കൽ താൻ ഇപ്രകാരം പ്രാർത്ഥിച്ചു: ''പ്രിയ കർത്താവേ, അങ്ങയോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും സൂചകമായി, അവിടുത്തെ രാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ എനിക്കും അവസരം തരണമേ.'' കർത്താവിനോട് ആഴമായ സ്നേഹവും അടുപ്പവും ആഗ്രഹിച്ച ആ നാളുകളിൽ, ''എന്റെ പേർക്കു നീ ചൈനയിലേക്കു പോകുക'' എന്നു കർത്താവു തന്നോടു സംസാരിക്കുന്നതു പോലെ ഹഡ്സൺ ടെയ്ലറിനു തോന്നി. അന്നു മുതൽ ഇക്കാര്യത്തിൽ കർത്താവിനെ അനുസരിക്കുവാൻ തീരുമാനമെടുത്തു. അതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ചൈനീസ് ഭാഷ പഠിക്കുന്നതിനും ചൈനയെക്കുറിച്ചുള്ള പൊതു വിജ്ഞാനം ഗ്രഹിക്കുന്നതിനും പ്രഭാതത്തിൽ അഞ്ചു മണിക്കെഴുന്നേറ്റ് സമയം ചെലവഴിക്കുവാൻ തുടങ്ങി. മിഷനറി എന്ന നിലയിൽ നേരിടാൻ പോകുന്ന പ്രതികൂല സാഹചര്യങ്ങളെക്കുറിച്ചും ചിന്തിച്ചു. സുവിശേഷ പ്രചാരണത്തിനു വൈദ്യശാസ്ത്രത്തിലുള്ള പരിശീലനം പ്രയോജനപ്പെടുമെന്നുള്ളതു കൊണ്ട് അതു പഠിക്കുവാൻ തയ്യാറായി. ഹൾ എന്ന സ്ഥലത്തുള്ള അകന്ന ബന്ധുവായ ഡോക്ടർ ഹാർഡിയുടെ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. പിതാവിന്റെ മരുന്നു കടയിൽ പ്രവർത്തിച്ചതുകൊണ്ടു മരുന്നുകളെക്കുറിച്ച് ഒരു സാമാന്യ ജ്ഞാനവും ഉണ്ടായിരുന്നു. ഈ സമയത്ത് 'പ്ളിമത്ത് ബ്രദറൻ' എന്ന സഭാ വിഭാഗവുമായി ബന്ധപ്പെടുവാൻ ഇടയായി. അവരുടെ കൂട്ടായ്മകളിലെ ദൈവവചന പഠനം ഹഡ്സനെ വളരെയധികം ആകർഷിച്ചു. അക്കാലങ്ങളിൽ ഹഡ്സന്റെ വിശ്വാസം വർദ്ധിപ്പിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായി. ഒരു ഞായറാഴ്ച വൈകുന്നേരം ചില ഭവനങ്ങളിൽ പോയി പ്രാർത്ഥിച്ചതിനു ശേഷം വീട്ടിലേക്കു മടങ്ങുകയായിരുന്നു. ദരിദ്രനായ ഒരു മനുഷ്യൻ, സുഖമില്ലാതെ കിടക്കുന്ന തന്റെ ഭാര്യക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഹഡ്സനെ വീട്ടിലേക്കു ക്ഷണിച്ചു. ആ കുടുംബത്തിന്റെ ദരിദ്രാവസ്ഥ കണ്ടപ്പോൾ

തന്റെ കൈയിൽ ആകെയുണ്ടായിരുന്ന രണ്ടര ഷില്ലിംഗിന്റെ നാണയം ആ മനുഷ്യനു കൊടുത്തു. പിറ്റേ ദിവസം വൈകുന്നേരം വരെയുള്ള തന്റെ ഭക്ഷണത്തിന്റെ കാശായിരുന്നു അത്. പോക്കറ്റു കാലിയായെങ്കിലും വളരെ സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങി. പിറ്റേ ദിവസം രാവിലെ പോസ്റ്റിൽ ഒരു കവർ വന്നു. ഒരു തുണിയിൽ പൊതിഞ്ഞു പത്തു ഷില്ലിംഗ്. താൻ കൊടുത്തതിന്റെ നാലിരട്ടി! അമർത്തി കുലുക്കി കവിയുന്ന അളവിലാണ് സ്വർഗ്ഗീയ പിതാവു തരുന്നതെന്നുള്ളത് (ലൂക്കൊ. 6:38) എത്ര വാസ്തവം! മറുവശത്ത്, ജീവിത ചെലവുകൾ കുറയ്ക്കുവാനും, വെറും റൊട്ടിയും വെള്ളവും കഴിച്ചു തറയിൽ ഒരു പായ് പോലുമില്ലാതെ ഉറങ്ങുവാനും അദ്ദേഹം തയ്യാറായി. പൗലൊസിനെപ്പോലെ 'സമൃദ്ധിയിൽ ഇരിപ്പാനും, ബുദ്ധിമുട്ട് അനുഭവിപ്പാനും...' എല്ലാം ശീലിച്ചു. ചൈനയെന്ന തനിക്ക് അജ്ഞാതമായ സ്ഥലത്തും, ഏതു പ്രതിസന്ധിയിലും ദൈവം തന്നെ വഴി നടത്തും എന്ന് അദ്ദേഹം ഉറച്ചു.

'ആത്മാക്കളെ ക്രിസ്തുവിനു വേണ്ടി നേടുക' എന്ന ഹഡ്സന്റെ അതേ ദർശനത്തോടുകൂടി ജീവിച്ച മരിയ ഡയർ എന്ന മിഷനറി ടീച്ചറിനെയായിരുന്നു ഹഡ്സൺ വിവാഹം കഴിച്ചത്. അവർക്കുണ്ടായ ആറു കുഞ്ഞുങ്ങളിൽ മൂന്നു പേരും ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. കേവലം പന്ത്രണ്ടു വർഷത്തെ ദാമ്പത്യ ജീവിതത്തിനു ശേഷം മരിയയും സ്വർഗ്ഗനാട്ടിലേക്കു കടന്നു പോയി. എല്ലാം പ്രതികൂലമെന്നു തോന്നുന്ന ഇങ്ങനെയുള്ള സാഹചര്യങ്ങളേയും തന്റെ വിശ്വാസത്താൽ ഹഡ്സൺ അതിജീവിച്ചു. ഹഡ്സന്റെ ജീവിത പങ്കാളിയായിരുന്ന ചുരുങ്ങിയ കാലയളവിൽ മരിയയുടെ ജീവിതം ഹഡ്സണിൽ വളരെയധികം സ്വാധീനം ചെലുത്തി. സുവിശേഷ താൽപര്യമുള്ള കുടുംബങ്ങളിൽ ഇരുവരും ജനിച്ചു വളർന്നതുകൊണ്ട് ഒന്നിച്ചുള്ള പ്രവർത്തനം വളരെ എളുപ്പമായി. അച്ചടക്കമുള്ള മരിയയുടെ ജീവിതശൈലികൾ, ഹഡ്സന്റെ പ്രവർത്തനരീതിക്ക് അടുക്കും ചിട്ടയും പ്രദാനം ചെയ്തു. ഇരിമ്പ് ഇരിമ്പിന് മൂർച്ച കൂട്ടുന്നു (സദൃ. 27:17) എന്നു ദൈവവചനവും പറയുന്നുവല്ലോ! മരിയ, ഹഡ്സനു സ്ഥിരോൽസാഹം നൽകിയപ്പോൾ അദ്ദേഹം അവളുടെ വിശ്വാസത്തിന് ആഴം പകർന്നു. മരിയ ഒരിക്കലും ഹഡ്സനെ നിരുൽസാഹപ്പെടുത്തുകയോ പുറകോട്ടു വലിക്കുകയോ ചെയ്തില്ല. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഹഡ്സന്റെ അഭിലാഷങ്ങൾ ലോലഹൃദയയായ മരിയയിൽക്കൂടി സഫലീകരിക്കപ്പെട്ടു. രണ്ടുപേരും സ്വാർത്ഥതയില്ലാതെ അന്യോന്യം സ്നേഹവും പരിചരണവും നൽകി. യിസ്ഹാക്കിനു റിബേക്കായെ ഭാര്യയായി ലഭിച്ചപ്പോൾ തന്റെ അമ്മയുടെ മരണദുഃഖം തീർന്നു എന്നു ഉല്പത്തി 24-ന്റെ 67ൽ കാണുന്നതുപോലെ ഹഡ്സന്, തന്നെ ഇടയ്ക്ക് അലട്ടിയിരുന്ന ഏകാന്തത നീങ്ങിപ്പോയി. അവരുടെ ഭവനം സ്നേഹത്തിന്റെ സംഭരണിയായിരുന്നുവെന്നു പറയാം. അവിടേക്കു കടന്നു വന്നവരെല്ലാം ചൈനക്കാരനെന്നോ, ഇംഗ്ലീഷുകാരനെന്നോ വ്യത്യാസമില്ലാതെ അവരുടെ സ്നേഹസൽക്കാരങ്ങളുടെ കുളിർമ്മ അനുഭവിച്ചറിഞ്ഞു.

(*തുടരും*).

**ബിനി ഷിബു**

വചനദീപം

## വിശുദ്ധ ജീവിതം - 5

(കഴിഞ്ഞ ലക്കം തുടർച്ച...)



# വിശുദ്ധീകരണത്തിൽ നിലനില്ക്കുക

സാമുവൽ ലോഗൻ ബ്രെങ്കിൾ

**വിശുദ്ധ** ജീവിതത്തിനുള്ള ആവശ്യബോധത്തോടുകൂടെ ദൈവസന്നിധിയിൽ വന്ന്, അറിയപ്പെട്ടിട്ടുള്ള സകല പാപങ്ങളെയും ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചു സമ്പൂർണ്ണമായി പ്രതിഷ്ഠിച്ചിട്ടും പരിശുദ്ധാത്മ നിറവിന്റെ അനുഭവം ലഭിക്കാത്തതിനാൽ അനേകരും നിരാശപ്പെട്ടു പോകാറുണ്ട്. എന്നാൽ അപ്രകാരമുള്ള സന്ദർഭങ്ങളിൽ വിശ്വാസത്തോടുകൂടെ ഉറച്ചു നില്ക്കുകയാണു വേണ്ടത്. ദൈവം നിന്റെ ഹൃദയത്തിന്റെ താല്പര്യത്തെ നിർവ്വഹിക്കുന്നതു വരെ അവന്റെ മുഖത്തേക്കു നോക്കിക്കൊണ്ടിരിക്കുക. പ്രതീക്ഷയോടുകൂടെയും, അവന്റെ വാഗ്ദാനങ്ങളെ അവകാശം പറഞ്ഞുകൊണ്ടു അവനായി തന്നെ കാത്തിരിക്കുക. “നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ” എന്നു പറഞ്ഞിരിക്കുന്നു (യിരെമ്യ. 29:11,12). ഇപ്രകാരമുള്ള സന്ദർഭത്തിലാണ് ശത്രു അതിശക്തിയോടുകൂടെ വിശ്വാസികളിൽ പോരാടുന്നത്. ഇപ്രകാരമുള്ളവർക്കുള്ള വാഗ്ദാനം എന്ത്? (യെശ. 54:1-14).

എന്നാൽ സമ്പൂർണ്ണമായി പ്രതിഷ്ഠിച്ച നമ്മിൽ പലരേയും ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നിറച്ചു. സ്വാർത്ഥ ജീവിതത്തിൽ നിന്നു വിജയം കിട്ടി. നമ്മെത്തന്നെ വെറുക്കയും നമ്മളുടെ ഒന്നുമില്ലായ്മ അറിയുകയും, യേശുക്രിസ്തു നമ്മളുടെ ഒന്നുമില്ലായ്മ മനസ്സിലാക്കുകയും യേശുക്രിസ്തുവിനെ സകലത്തിലും സകലവുമായി കാണുകയും ചെയ്തു. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന്റെ ഒന്നാമത്തെ ലക്ഷണം നിങ്ങളെ നിറച്ചിരിക്കുന്ന പരിശുദ്ധാത്മാവ് യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ നിങ്ങളെ ശക്തീകരിക്കുന്നു എന്നുള്ളതാണ്. യേശുക്രിസ്തുവിനെ മുമ്പ് കണ്ടിട്ടുള്ളതിനെക്കാൾ അധികം മഹത്വമുള്ളവനായി കാണുകയും, അവനെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും, സ്നേഹിക്കുകയും ചെയ്യുവാൻ നാം ശക്തരായിത്തീരുന്നു എന്നു മാത്രമല്ല, അവന്റെ രക്തത്തിന്റെ വിലയേയും വീണ്ടെടുപ്പിന്റെ സ്നേഹത്തെയും നാം അധികമായി മനസ്സിലാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് തന്റെ മഹത്വത്തെയല്ല ക്രിസ്തുവിനെയാണ് നമുക്കു കാണിച്ചു തരുന്നത്. “സത്യത്തിന്റെ

**നിന്റെ സകല പാപങ്ങളിൽ നിന്നും ശുദ്ധീകരണം പ്രാപിക്കേണ്ടതിന് യേശുക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിച്ചുകൊണ്ടു വിശ്വാസത്തോടും അനുസരണത്തോടും കൂടെ നടക്കുന്നതിന് നിന്നെ സഹായിക്കയും നിനക്ക് ആഴമായ സമാധാനം തരികയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്.**

ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചു തരുന്നതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും" (യോഹ. 16:13,14).

പരിശുദ്ധാത്മാവ് പുതിയ സത്യങ്ങളെയല്ല നമുക്കു വെളിപ്പെടുത്തിത്തരുന്നത്. പിന്നെയോ യേശുക്രിസ്തു ഉപദേശിച്ചതും തന്റെ അപ്പൊസ്തലന്മാർ നമുക്ക് ഉറപ്പിച്ചു തരുന്നതുമായ സത്യങ്ങളെയാണു നമ്മെ പഠിപ്പിക്കുന്നത് (യോഹ. 14:26). ദൈവവചനത്തിൽ നിന്നു പുതിയ വെളിപ്പാടുകളെ നമുക്കു മനസ്സിലാക്കിത്തരികയും, ദൈവവചനം നമ്മെ ഓർപ്പിച്ചു തരികയും ചെയ്യുന്നത് പരിശുദ്ധാത്മാവിന്റെ വേലയാണ്. തിരുവചനത്തിന്റെ വെളിച്ചത്തിൽ നമ്മെ നടത്തുന്നതും പരിശുദ്ധാത്മാവത്രേ. ദൈവവചനത്തിന്റെ സത്യങ്ങളെ മനസ്സിലാക്കാൻ കഴിയാതെ പോകുന്നതിന്റെ രഹസ്യം പരിശുദ്ധാത്മാവ് അവരിൽ വസിക്കുന്നില്ല എന്നുള്ളതാണ്. പരിശുദ്ധാത്മ നിറവില്ലാത്ത വേദശാസ്ത്ര പണ്ഡിതന്മാരേക്കാൾ ആത്മ നിറവുള്ള ഒരു സാധാരണ വിശ്വാസിക്കു ദൈവവചനത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കുവാൻ കഴിയും. ദൈവവചനം നമുക്ക് ആസ്വാദ്യകരമാക്കിത്തീർക്കുന്നതു പരിശുദ്ധാത്മാവാണ് (ഇയ്യോബ് 23:12; സങ്കീ. 19:10). രാവും പകലും അതിനെ ധ്യാനിപ്പാൻ നമുക്കു പ്രേരണ തരുന്നത് പരിശുദ്ധാത്മാവത്രേ. ദൈവവചനത്തിലെ ന്യായവിധിയുടെ സന്ദേശത്തിൽ നടുങ്ങുന്നതിനും അതിന്റെ കല്പനകളിൽ രസിക്കുന്നതിനും, വാഗ്ദാനങ്ങളിൽ പുകഴുന്നതിനും പരിശുദ്ധാത്മാവ് നമുക്കു ശക്തി തരുന്നു. യേശുക്രിസ്തുവിനോടു ചേർന്നു, "മനുഷ്യർ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽക്കൂടെ വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്നു പറയുവാൻ ആത്മ നിറവുള്ള മനുഷ്യന് കഴിയും. നിന്റെ സകല പാപങ്ങളിൽ നിന്നും ശുദ്ധീകരണം പ്രാപിക്കേണ്ടതിന് യേശുക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിച്ചുകൊണ്ടു വിശ്വാസത്തോടും അനുസരണത്തോടുംകൂടെ നടക്കുന്നതിന് നിന്നെ സഹായിക്കയും നിനക്ക് ആഴമായ സമാധാനം തരികയും ചെയ്യുന്നത് പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മ നിറവിന്റെ ഉന്നതമായ അതിർ സങ്കല്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അപ്പൊസ്തലനായ പൗലൊസിനെപ്പോലെ മൂന്നാം സ്വർഗ്ഗത്തോളം എടുത്തുകൊള്ളപ്പെടുന്നതും മനുഷ്യർക്ക് ഉച്ചരിപ്പാൻ അവകാശമില്ലാത്ത ഭാഷ കേൾക്കുന്നതും സാദ്ധ്യമായെന്നു വരാം. വിശ്വാസമാകുന്ന കണ്ണാടിയിൽക്കൂടെ നിനക്കു കാണാൻ കഴിയുന്ന ദൈവ

സ്നേഹത്തിന്റെ നീളവും, വീതിയും ആഴവും, ഉയരവും എത്രയെന്ന് ആർക്കു ഗ്രഹിക്കാം? ആദിയും അന്തവും ഇല്ലാത്തവനായ ദൈവത്തിന്റെ ജ്ഞാനത്തിന്റെയും, കൃപയുടെയും നന്മയുടെയും വലുപ്പം അളക്കുവാൻ കേവലം പരിമിതമായ നിന്റെ ബുദ്ധിക്കും, ഹൃദയത്തിനും അസാദ്ധ്യമാണ്. പരിശുദ്ധാത്മ നിറവിന്റെ ഉന്നതമായ അനുഭവങ്ങളിൽ എപ്പോഴെങ്കിലും കുറവു വന്നു എന്നു കരുതരുത്.

പരിശുദ്ധാത്മ നിറവ് പ്രാപിച്ച കാലങ്ങളിൽ മതിമറന്ന സന്തോഷത്തോടു കൂടെയാണ് ഞാൻ ജീവിച്ചത്. ആ അനുഭവത്തിന്റെ തിരത്തള്ളൽ വഹിക്കുവാൻ എന്റെ ശരീരത്തിനു ശക്തി ഉണ്ടായിരുന്നില്ല. എന്നാൽ ക്രമേണ ആ അനുഭവം കുറഞ്ഞ് ആ സന്തോഷം ഇല്ലാതെയിരുന്ന ദിവസങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. ഞാൻ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചതിനാൽ ദൈവത്തിന്റെ ആത്മാവ് എന്നെ വിട്ടുപോയതാണെന്നു ശത്രു എന്നോടു പറഞ്ഞു. എന്നാൽ അതു പിശാചു പറയുന്ന ഭോഷ്ക്കാണെന്നും ഞാൻ കുലുങ്ങാതെ വിശ്വാസത്തിൽ ഉറച്ചു നില്ക്കണമെന്നും ദൈവം എന്നെ പഠിപ്പിച്ചു. എന്നാൽ വികാരങ്ങളുടെ തിരത്തള്ളൽ ഇല്ലാത്ത സന്ദർഭങ്ങളിൽ പരിശുദ്ധാത്മാവ് നമ്മെ വിട്ടുപോയതാണ് എന്നു നാം തെറ്റിദ്ധരിക്കരുത്. പരിശുദ്ധാത്മാവ് നിന്നെ പൂർണ്ണമായി നിറയ്ക്കുവാൻ പ്രസാദിച്ച ശേഷം നിനക്കു മുന്നറിയിപ്പു തരാതെ നിന്നെ തള്ളിക്കളകയില്ല. നിന്നെ നിറയ്ക്കുവാൻ നിന്നോടു വാദിച്ചുകൊണ്ടിരുന്നതുപോലെ തന്നെ, നിന്നിൽ വസിക്കുവാനും നിന്നോടു വാദിച്ചു കൊണ്ടിരിക്കും.

അതുകൊണ്ട് പരിശുദ്ധാത്മാവിനെ നിസ്സാരമായി കരുതി അവഗണിക്കുന്നവർക്ക് അതു സാരമില്ല എന്നു ഗണിക്കുവാനല്ല ഞാൻ ഇത്രയും പറഞ്ഞത്. എന്നാൽ ആത്മനിറവിനു വേണ്ടി വാഞ്ഛിച്ച് ആത്മനിറവു പ്രാപിച്ച ദൈവമക്കൾ ശത്രുവിന്റെ വ്യാജത്താൽ വഞ്ചിതരായിത്തീരാതിരിക്കേണ്ടതിന് ആ സത്യം അവരെ ഓർമ്മിപ്പിക്ക മാത്രമാണു ചെയ്യുന്നത്. ദൈവത്തിന്റെ ആത്മാവ് എന്നെ വിട്ടുപോയി എന്നു വിചാരിച്ചു നിരാശപ്പെട്ടുകൊണ്ടിരുന്ന കാലങ്ങളിൽ ദൈവം എനിക്കു തന്ന വേദവാക്യം പുറപ്പാട് 17:7 ആണ്. പരിശുദ്ധാത്മ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധം എനിക്കു വ്യക്തമായി ഇല്ലാതിരിക്കുമ്പോഴും ഞാൻ അവനെ സംശയിക്കുന്നതു ദൈവത്തെ പരീക്ഷിക്കയാണ് എന്നു ഞാൻ മനസ്സിലാക്കി. പരിശുദ്ധാത്മാവ് എന്നെ ഇതുവരെ വിട്ടുപോയിട്ടില്ല. അതിനു വേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവന്റെ വ്യാപാര ശക്തി എനിക്ക് അനുഭവമാകാത്ത സമയത്തും അവൻ എന്നിൽ വസിക്കുന്നു എന്നു ഞാൻ വിശ്വാസത്താൽ അറിയുന്നു. ഞാൻ സംശയിക്കുമ്പോൾ ദൈവത്തെയല്ല പിശാചിനെയത്രെ പ്രസാദിപ്പിക്കുന്നത്.

പരിശുദ്ധാത്മ നിറവ് ലഭിച്ചതിന്റെ ശേഷം അനേകരും പല വിധത്തിൽ കുഴഞ്ഞു പോകാറുണ്ട്. പരീക്ഷാകാലങ്ങളിൽ പരിശുദ്ധാത്മാവ് തങ്ങളെ വിട്ടുപോയി എന്നു കരുതി വീണ്ടും ആത്മാവിനെ പ്രാപിക്കേണ്ടതിനായി അവർ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. എന്നാൽ അപ്രകാരമുള്ള സന്ദർഭങ്ങളിൽ ദൈവത്തിന്റെ ആത്മാവു തങ്ങളിൽ അധിവസിക്കുന്നു എന്നുറച്ചുകൊണ്ട് അവനെ

ആരാധിക്കയും, സ്തുതിക്കയും അത്രെ ചെയ്യേണ്ടത്. അവരെ വഞ്ചിക്കുവാൻ അടുത്തു വന്നിട്ടുള്ള സാത്താനെ നോക്കിക്കൊണ്ടു ദൈവത്തിന്റെ ആത്മാവ് തങ്ങളിൽ വസിക്കുന്നു എന്ന് ഉറപ്പിച്ചു പറയേണ്ടതാണ്. പ്രകാശത്തിൽ വസിച്ചുകൊണ്ടു പ്രകാശത്തെ തേടുവാൻ ശ്രമിക്കുന്നവർ അന്ധകാരത്തിൽ ചെന്നെത്തുന്നതുപോലെ, പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുമ്പോൾ അവനെ തേടി നടക്കുന്നത് ആത്മാവിനെ ദുഃഖിപ്പിക്കയാണ്. അവൻ നിങ്ങളെ നിറച്ച ശേഷം, അവനെ മഹത്വപ്പെടുത്തുകയും, അനുസരിക്കയും ചെയ്താൽ അവൻ നിരന്തരമായി നിങ്ങളിൽ വസിക്കും. അതിനാൽ കൂടുതൽ ശക്തിക്കു വേണ്ടിയല്ല ആഗ്രഹിക്കേണ്ടത്. പിന്നെയോ നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവ്, തന്റെ ശക്തി നിങ്ങളിൽക്കൂടെ വെളിപ്പെടുത്തേണ്ടതിന്, അവനെ പൂർണ്ണമായി അനുസരിക്കയും, അവനു പൂർണ്ണമായി കീഴ്പ്പെട്ടിരിക്കയും ചെയ്ത് നിങ്ങളെ ഉപദേശിച്ചു വഴി നടത്തേണ്ടതിന് അവനെ ആശ്രയിക്ക. ആത്മാവിൽ ചിന്തിക്കുകയും സംസാരിക്കയും, അവന്റെ സ്നേഹത്തെ അറിഞ്ഞു വിശ്വാസത്തിൽ നിലനില്ക്കുകയും ചെയ്യേണ്ടതാണ്. ആത്മാവിനാൽ സകല കാര്യങ്ങളിലും നടത്തപ്പെടുന്നതാണ് ആത്മനിറവിൽ ജീവിക്കുന്നതിനുള്ള രഹസ്യം. ആത്മാവിൽ ജീവിക്കയും, ആത്മാവിൽ നടക്കയും ആത്മാവിനാൽ നിറയപ്പെടുകയും ചെയ്ക.

പരീക്ഷകൾ നേരിടുമ്പോൾ അമ്പരന്നു പോകരുത്. യേശുക്രിസ്തു പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ശേഷമാണ് സാത്താനാൽ പരീക്ഷിക്കപ്പെടേണ്ടതിനു മരുഭൂമിയിലേക്കു നടത്തപ്പെട്ടത് എന്നുള്ളതു മറന്നു പോകരുത്. നമ്മുടെ പരീക്ഷകളും പരിശോധനകളും യേശുക്രിസ്തുവിനെ കൂടുതൽ അറിയുന്നതിനും, അവന്റെ സ്നേഹത്തെ രുചിക്കുന്നതിനും ഇടയാക്കുന്നു എന്നറിഞ്ഞുകൊണ്ടു പരീക്ഷകളിൽ അധികം സന്തോഷിക്കയത്രെ വേണ്ടത്. എന്റെ കൃപ നിനക്കു മതി എന്ന് അവൻ പറഞ്ഞിട്ടുണ്ട്. താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്ന നമ്മെ സഹായിപ്പാൻ കഴിവുള്ളവനുമാണ്. “നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടുവെങ്കിലും പാപം ചെയ്യാത്തവനത്രേ നമുക്കുള്ളത്” (എബ്രാ. 4:15). നാം എന്തു പറയേണ്ടു; ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ?

*(തുടരും)*

## അവസാനകാലത്തേക്കുള്ള മുന്നറിയിപ്പുകൾ

*21-ാം പേജിൽ നിന്ന് തുടർച്ച ...*

ത്തിനു കഴിയുമെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. പ്രതികാരം അവിടുത്തേക്കുള്ളതത്രേ (റോമർ 12:19).

പലരും ഈ ദുഷ്ടജനങ്ങളുടെ കപടഭക്തിയിൽ അവരോടു ചേരുമെന്നു ദാനി. 11:34-ൽ നാം തുടർന്നു വായിക്കുന്നു. പീഡനകാലത്ത് പലരും കപടഭക്തരായിത്തീരും. അവർ സഭയുടെ മധ്യത്തിലായിരിക്കു

മ്പോൾ പൂർണ്ണഹൃദയമുള്ള സഹോദരന്മാരെപ്പോലെ നടിക്കുകയും തന്നെത്താൻ വിധിക്കുന്നതിനെ പ്പറ്റിയും ക്രൂശെടുക്കുന്നതിനെ പ്പറ്റിയും സംസാരിക്കുകയും ചെയ്യും. എന്നാൽ തങ്ങളുടെ ലൗകികസ്നേഹിതന്മാരുടെയും മാനസാന്തര പ്പെടാത്ത ബന്ധുജനങ്ങളുടെയും മധ്യത്തിലായിരിക്കുമ്പോൾ മനുഷ്യരുടെ മാനമാഗ്രഹിച്ചുകൊണ്ട് അവരുടെ അംഗീകാരം ലഭിക്കുമാറ് പെരുമാറും.

തങ്ങളുടെ ഉള്ളിൽ കൈപ്പുള്ള വേരു സൂക്ഷിക്കുക മൂലം സഭയിലെ മറ്റുള്ളവരെ മലിനരാക്കിത്തീർത്തിട്ടുള്ള പല വിശ്വാസികളുണ്ട് (എബ്രാ. 12:15). എന്നാൽ ദൈവം അവരോടെല്ലാം ദീർഘക്ഷമ കാണിച്ചു. അതിനാൽ അവർ ഇപ്പോഴും സഭയിൽ നിൽക്കുന്നു. എന്നാൽ (അവർ മാനസാന്തരപ്പെടുന്നില്ലെങ്കിൽ) കാലാന്തരത്തിൽ അവരെ ദൈവം വെളിച്ചത്താക്കും. അപ്പോൾ അവർക്കു മുമ്പുണ്ടായിരുന്നവരെപ്പോലെ അവരും വീണുപോകും.

നാം ദൈവത്തെ അറിയുന്നുവെങ്കിൽ നാം സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായിത്തീരും (എഫേ. 3:17). മറ്റുള്ളവർ നമ്മെ വഞ്ചിക്കുകയും തങ്ങളുടെ ഭവനങ്ങളിൽനിന്നു പുറത്താക്കുകയും ചെയ്താൽ നാം അവരെ സ്നേഹിക്കയും അവരോടു ക്ഷമിക്കുകയും അവരെ സേവിക്കുവാനുള്ള മറ്റൊരവസരത്തിനായി കാത്തിരിക്കുകയും ചെയ്യും. ആ അവസരം വന്നു ചേരുമ്പോൾ നമ്മുടെ കഴിവിന്റെ പരമാവധി അവരെ അനുഗ്രഹിക്കുവാനായി നാം തിടുക്കത്തിൽ അതിനെ ഉപയോഗിക്കും. നമ്മെ തിന്മയുള്ളവരാക്കുവാൻ ആർക്കും സാധ്യമല്ല. മറ്റൊരാളിന്റെ തിന്മയുള്ള പെരുമാറ്റം നമ്മെ തിന്മയുള്ളവരാക്കുന്നുവെങ്കിൽ നാമും അയാളെപ്പോലെതന്നെ സാത്താന്റെ കിങ്കരനായിത്തീരും.

അന്ത്യദിനങ്ങളിൽ ആത്മീയമായ ഉൾക്കാഴ്ചയുള്ളവർ പോലും വീണുപോകുമെന്ന് ദൈവവചനം പ്രസ്താവിച്ചിരിക്കുന്നു (ദാനി. 11:35). എന്നാൽ അവർ തങ്ങളെത്തന്നെ താഴ്ത്തുകയും സ്വയം വിധിക്കുകയും ചെയ്യുമെങ്കിൽ അവർക്കുപോലും പ്രത്യാശയ്ക്കു വകയുണ്ട്. അപ്പോൾ അവരും ശോധന ചെയ്യപ്പെട്ട് കഴുകപ്പെട്ടു വിശുദ്ധി പ്രാപിക്കും (വാ. 35). എന്നാൽ സ്വയം വിധിക്കാത്തവരാകട്ടെ, അവർ ഒരിക്കൽ ദൈവവഴികളെപ്പറ്റി ഉൾക്കാഴ്ചയും വിവേകവും ഉള്ളവരായിരുന്നുവെങ്കിലും സാത്താന്റെ കൈകളിൽ അകപ്പെട്ടുപോകും. ഇന്നു കൃപയുടെ കാലമാണ്. മാനസാന്തരപ്പെട്ടു തന്നെത്താൻ വിധിക്കുന്നവർക്ക് ആത്മീയതയുടെ ഉന്നതതലങ്ങളിലേക്ക് ഇപ്പോഴും ഉയർന്നുചെല്ലുവാൻ സാധ്യമാണ്. എന്നാൽ അതിലേക്ക് അവർ സത്യസന്ധരും വെളിച്ചത്തിൽ നടക്കുന്നവരുമാ കേണ്ടത് അനുപേക്ഷണീയമത്രേ.

ക്രിസ്തുവിന്റെ രൂപത്തോടു നമ്മെ അനുരൂപരാക്കുക എന്ന ദൈവികലക്ഷ്യം നിറവേറുന്നതിനായി ഈ ശോധനയും ശുദ്ധീകരണവും 'കാലത്തിന്റെ അവസാനം'വരെയും തുടർന്നുപോകും (ദാനി. 11:35). അതിനാൽ കർത്താവിന്റെ വരവുവരെയും നാം ഭൂമിയിൽ ഒരു അനായാസകാലം പ്രതീക്ഷിക്കരുത്. ലോകത്തിൽ തുടർച്ചയായിത്തന്നെ നമുക്കു കഷ്ടതകൾ ഉണ്ടായിക്കൊ ണ്ടിരിക്കും. *(അവസാനിച്ചു)*




# THE JOURNEY IN FRONT OF US

**Sandeep Poonen**

As we prepare for 2016, it is good to renew our vision to what lies ahead. Think of our lives like driving a car – where dirt, rain, flies, mosquitoes are hitting the windshield in front of us and blocking our view. Similarly, it's so easy to get our view of life clouded by world news, current pressures at home, trials at work, etc. So it's good to use these events graciously provided by God (God was the one who ordained that the earth go around the sun every 365 or so days) to clean our view in front of us yet again – and make sure we're on the right path.

So I want to give you something to consider for 2016 from this passage I read recently:

*1 Corinthians 13:8-13 - Love never fails; but if there are gifts of prophecy, they will be done away; if there are tongues, they will cease; if there is knowledge, it will be done away. For we know in part and we prophesy in part; but when the perfect comes, the partial will be done away. When I was a child, I used to speak like a child, think like a child, reason like a child; when I became a man, I did away with childish things. For now we see in a mirror dimly, but then face to face; now I know in part, but then I will know fully just as I also have been fully known. But now faith, hope, love, abide these three; but the greatest of these is love.*

In this passage, Paul tells me the difference between the Christians' lives here on earth, and the Christians' future life with God. He talks about a "now" as we live here on earth, versus a "then" when we die or when Jesus returns.

In the "then" when we are with God, we will know fully and see God completely (v 12). Until then, this is what we have to deal with in the "now":

- We know in part (v9)
- We prophesy in part (v9)
- We don't see well, as if trying to look through a very bad mirror (v 12)

Yet, despite these limitations, Paul urges us:***Let faith, hope, and love remain (abide)***.

So let me share how these three critical virtues of faith, hope, and love must abide.

**Hope:**

Our hope is what we look forward to. This is the final destination as we journey through life here on earth.Thisthen, is the Christian hope:

***I will be pure, just like Jesus is pure (Romans 8:29; 1 John 3:2-3)***.

Most of us have probably seen smartphonesthat allow us to set a destination, and the GPS system then faithfully directs us step-by-step to that destination. If only it were easy for our lives! Because we disobeyed God in the Garden of Eden, our flesh now keeps seeking to distract us from and even distort our final destination. So we need to renew our minds to our destination being of complete and utter purity from sin.

And how do we know whether we are heading towards our destination? We just need to look at our actions and priorities.As we look back at 2015, have we been primarily obsessed with our day-to-day lives, our financial security, our children's well-being, etc.? Then let us wipe our windshields clean, and rededicate our lives to our hope in Christ.

Let us discard our hopes in a nice and easy life (1 Peter 4:1-2), a life of riches (1 Timothy 6:9-10), merely going to heaven (John 17:3), etc. The Christian's hope is so much better! Our hope is one that others in the world cannot fathom, only because they do not know God as an altogether loving Father like we do (1 John 3:1). If they knew that God could be their loving Father, they too would understand and even embrace our hope.

**Faith:**

With the hope of being pure like Jesus as our destination, faith is our daily journey towards that destination. Now since the word "faith" is used so trivially and badly in the Christian world today, I want to give you three easily understandable words to describe what a life of faith practically looks like:

1. The life of faith is not an agreement to a belief system, but a life of *active obedience* to God's will for us as described in His Word (Hebrews 3:18-19).

2. The life of faith is a life of *daily faithfulness*. The Bible uses the exactly same word for faith (Hebrews 11:1) and faithfulness (Matthew 23:23; Galatians 5:22). We tend to think of faithfulness very differently from faith based on the English language, but the Bible equates them. So they are the same in God's view.

3. The life of faith is a life of *humility*. Habakkuk 2:4

contrasts the proud one with the one who lives by faith. Since humility is the opposite of pride, the humble one is the one who lives by faith.

This is what characterized the life of Jesus as well. The faith of Jesus was not an intellectual agreement to a belief system (Matthew 11:25-26). Rather, it was a life of radical obedience (Matthew 6:38), daily faithfulness (Mark 9:23; Hebrews 4:15), and humility (Matthew 11:29). So in our hope to be like Jesus, these 3 character traits must be increasingly manifested in our daily walk. This is the day's journey in front of us every day in 2016. So let us have to a true life of faith as we wake up every morning in 2016.

**Love:**

With hope as our destination and faith as our daily journey, love is our fuel. And when I think of love, I don't immediately think of my love towards God or others. I think about God's love towards me. All of my love is fueled by His love (1 John 4:19). If I can only see love in this light, then I can see what an amazing fuel love can be.

To me, I find the love of God at the cross where we received the unfathomable pardon for all our sins(Luke 7:47). And then, the love of God is magnified over and over as I see how God RUNS towards me in full forgiveness, mercy, and even joy *every time I return to Him* (the story of the prodigal son). All of this is possible only because of Jesus, who is now my Example and Advocate (Hebrews 4:15-16).

This sort of love is absolutely unbelievable if it were not true (because it is in God's Word). This is the kind of unfathomable love that must be characteristic of a Divine love that is so far beyond all human reasoning. And we are truly blessed if, with humility and gratitude, we embrace this majestic love being shown by our amazing God.

Finally, one of my favorite missionaries to India is Amy Carmichael. She wrote this poem that I am often reminded of, and that poetically seems to describe what I have written:

*Give me the love that leads the way,*
*The faith that nothing can dismay*
*The hope no disappointments tire,*
*The passion that will burn like fire;*
*Let me not sink to be a clod;*
*Make me Thy fuel, Flame of God*

So may God truly bless 2016 for each one of you with faith, hope, and love. ■

*4-ാം പേജിൽ നിന്ന് തുടർച്ച*

# സമർപ്പണത്തെ പരിശോധിക്കുക

മുറിഞ്ഞു കിടക്കുകയാണ്. ആത്മീയതയ്ക്കു പുറത്തും അവർക്കൊരു ജീവിതമുണ്ട്. ഞായറാഴ്ച മാത്രം എടുത്തണിയാനുള്ള ഒരാഭരണമാണ് അവർക്ക് ആത്മീയത. ആത്മീയത അവരെ സംബന്ധിച്ചിടത്തോളം ഒരു 'സംഭാവന നൽകൽ' മാത്രമാണ്!

എന്നാൽ ക്രിസ്തീയ ലോകത്ത് ഒരു ന്യൂനപക്ഷത്തിനു സമർപ്പണം മുഴുജീവിതവും ഉൾക്കൊള്ളുന്ന ഒരു പൂർണ പ്രതിബദ്ധതയാണ് (Total commitment). അവരുടെ ജീവിതം ഭൗതികമെന്നും ആത്മികമെന്നും രണ്ടായി മുറിഞ്ഞു കിടക്കുന്നില്ല. അതു രണ്ടും ചേർന്ന അഖണ്ഡമായ (integral) ഒന്നാണ്. പൂർണമായ, മുഴുവനായ, മൊത്തത്തിലുള്ള ഒരേയൊരു ആകമാന ജീവിതം (total, complete, absolute one and only wholesome life). ആ ജീവിതം ദൈവത്തിന്. ഇതൊരു പൂർണ സമർപ്പണമാണ്. ഇത് ഉപരിതല സ്പർശിയായ ഒരു സമർപ്പണമല്ല, ആഴത്തിലുള്ളതാണ്, ജീവൻ തന്നെ നൽകുന്ന പ്രതിബദ്ധതയാണ്.

യേശു ശിഷ്യന്മാരിൽ നിന്ന് ആവശ്യപ്പെട്ടതും ഇത്തരം ഒരു ജീവിതമാണ്. അപ്പൊസ്തല പ്രവൃത്തി ഒന്നാം അധ്യായം എട്ടാം വാക്യത്തിൽ, 'ശക്തി ലഭിച്ചിട്ടു നിങ്ങൾ എന്റെ സാക്ഷികൾ ആകും' എന്നു പറഞ്ഞിടത്തു സാക്ഷികൾ എന്ന് ഉപയോഗിച്ചിരിക്കുന്ന പദം ഇതിലേക്കു വെളിച്ചം വീശുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഇതേ പദമാണ് ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിനെക്കുറിച്ചു പിന്നീടു പറയുമ്പോഴും ('നിന്റെ സാക്ഷിയായ സ്തേഫാനോസിന്റെ രക്തം ചൊരിഞ്ഞപ്പോൾ'- പ്രവൃ. 22:20) പെർഗ്ഗമോസിലെ സഭയുടെ ദൂതന് അന്നു രക്തസാക്ഷിയായ അന്തിപ്പാസിനെക്കുറിച്ച് എഴുതുമ്പോഴും ('എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തുപോലും' - വെളിപ്പാട് 2:13). ഉപയോഗിക്കുന്നതെന്നു ശ്രദ്ധിക്കുക. ചുരുക്കത്തിൽ നിങ്ങൾ എന്റെ സാക്ഷികൾ ആകും എന്നു യേശു പറഞ്ഞിടത്തെ പ്രയോഗം യഥാർത്ഥത്തിൽ നിങ്ങൾ എന്റെ 'രക്തസാക്ഷികൾ' (Martyrs) ആകും എന്നാണെന്നു വ്യക്തം.

പഠിപ്പിക്കാനും പ്രബോധിപ്പിക്കാനും അറിവും കഴിവും മതി. എന്നാൽ സാക്ഷിയാകാൻ അനുഭവവും ആരുടെ സാക്ഷിയാകുന്നോ ആ ആളിനോടുള്ള അടുപ്പവും പരിചയവും എല്ലാം ആവശ്യമാണ്. പെന്തക്കോസ്തു നാളിൽ പത്രൊസ് മൂവായിരം പേരെ ഒരൊറ്റ പ്രസംഗത്തിലൂടെ വിശ്വാസത്തിലേക്കു നടത്തിയതിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: "മറ്റു പല വാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞ് അവരെ പ്രബോധിപ്പിച്ചു... അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു." നോക്കുക: വെറും പ്രബോധനമായിരുന്നില്ല. യേശുവിനെക്കുറിച്ചുള്ള പത്രൊസിന്റെ നേർസാക്ഷ്യമാണ് അവരെ വിശ്വാസത്തിലേക്കു നടത്തിയത്.

പൗലൊസിനെക്കുറിച്ചും ഇതേ നിലയിലാണു രേഖപ്പെടുത്തിയിരിക്കുന്നത്. ദമസ്കോസിലേക്കു പോകുമ്പോൾ ഉണ്ടായ ദർശനം, പൗലൊസിനു കർത്താവു നേരിട്ടു നൽകിയ ദൗത്യം എന്നിവയെക്കുറിച്ചു അഗ്രിപ്പാ രാജാവിനോടു പിന്നീടു വിവരിക്കുന്ന ഭാഗം കാണുക: "കർത്താവു പൗലൊസിനോട്: 'നീ എന്നെ കണ്ടതിനും ഇനി ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി' (പ്രവൃ. 26:16). ശുശ്രൂഷകൻ മാത്രമല്ല, സാക്ഷിയുമായിരിക്കും പൗലൊസ്! ശുശ്രൂഷ പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നതു പ്രവർത്ത

നങ്ങളുമായിട്ടാണ്; ശുശ്രൂഷകൻ ചെയ്യുന്ന കാര്യങ്ങളുമായിട്ടാണ്. എന്നാൽ സാക്ഷ്യം വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു; സാക്ഷി എന്താണോ അതാണ് സാക്ഷ്യത്തിലൂടെ വെളിപ്പെടുന്നത്. ജീവിതത്തിലൂടെ ഈ നിലയിൽ കർത്താവിന്റെ സാക്ഷികളാകുവാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ശക്തി ലഭിച്ചിട്ടു നാം അവിടുത്തെ സാക്ഷികൾ (രക്തസാക്ഷികൾ - martyrs) ആയി ജീവിക്കണം.

ആരാണ് ഈ 'ജീവിച്ചിരിക്കുന്ന രക്തസാക്ഷി?' ഉന്നതമായ ഒരു ലക്ഷ്യത്തിനു വേണ്ടി പ്രതിജ്ഞാബദ്ധനായി മരിച്ചവനെപ്പോലെ ഈ ലോകത്തു ജീവിച്ചിരിക്കുന്നവനാണവൻ. അങ്ങനെ ജീവിക്കാൻ കഴിയുമോ? കഴിയും. യഥാർത്ഥത്തിൽ പൂർണഹൃദയത്തോടെ ദൈവത്തെ പിൻപറ്റിയ ഭക്തന്മാർ അങ്ങനെയുള്ളവരായിരുന്നു.

ചില വാക്യങ്ങൾ കാണൂ: "ഈ ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റു പറഞ്ഞുകൊണ്ട് അവർ വിശ്വാസത്തിൽ മരിച്ചു" (എബ്രാ. 11:13).

"ഈ ലോകം അവർക്കു യോഗ്യമായിരുന്നില്ല" (എബ്രാ. 11:38).

"മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി" (എബ്രാ. 11:26).

"കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" (എബ്രാ. 11:10).

"ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാത്യർ 6:14). "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു" (ഫിലി. 3:20). '

'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലൊ. 3:3).

"നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല: ആരും തനിക്കായി തന്നേ മരിക്കുന്നതുമില്ല" (റോമ. 14:7).

"നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" (1 കൊരി. 6:19).

"ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും കരയുന്നവർ കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും വിലയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കണം" (1കൊരി. 7: 29 - 31).

ഈ ലോകത്തിൽ ജീവിക്കുമ്പോഴും ഇവിടെ ജീവിക്കാത്തവനെപ്പോലെ, ഈ ലോകത്തിന് ഒരു 'അന്യനെ'പ്പോലെ (outsider) ജീവിക്കുക - ഇതാണു ജീവിച്ചിരിക്കുന്ന രക്തസാക്ഷി. ആത്മീയ കാര്യങ്ങളിലുള്ള പൂർണമായ സമർപ്പണമാണ് ഇതിനു നമ്മെ സഹായിക്കുന്നത്.

പൂർണമായ സമർപ്പണത്തിന്റെ ഏറ്റവും ഉദാത്ത മാതൃക യേശുക്രിസ്തു തന്നെയാണ്. "എന്റേത് എല്ലാം നിന്റേതും നിന്റേത് എന്റേതും ആകുന്നു" എന്ന യേശുവിന്റെ പിതാവിനോടുള്ള പ്രാർത്ഥനയിൽ ഈ സമ്പൂർണ സമർപ്പണമാണു പ്രതിഫലിക്കുന്നത് (യോഹ. 17:10). ഈ പൂർണ സമർപ്പണം ഉണ്ടായിരുന്നതുകൊണ്ടാണ് 'എന്റെ രാജ്യം ഐഹികമല്ല' എന്നു യേശുവിനു പറയാൻ കഴിഞ്ഞതും.

യേശുവിനെപ്പോലെ 'പിതാവേ, എന്റേതെല്ലാം നിന്റേതാണ്' എന്നു പുതുവർഷത്തിൽ പറയുവാൻ കഴിയുമോ? നമ്മുടെ സമർപ്പണം ഒരു സംഭാവന നൽകുന്നതു പോലെ ആഴം കുറഞ്ഞ ഒന്നായിരിക്കുന്നതിനു പകരം നമ്മുടെ ജീവനെ തന്നെ സ്പർശിക്കുന്ന ഒരു പൂർണ പ്രതിബദ്ധതയായി മാറിയാലേ അതു കഴിയൂ. സംശയമില്ല.

# JESUS LEARNED OBEDIENCE BY DENYING HIMSELF

In Hebrews 5:8, we read that “although He was a Son He learned obedience from the things He suffered.” Jesus had to learn obedience. ‘Learn’ is a word connected with education. Jesus had to get an education in obedience in the days of His flesh. As God in heaven, He had never obeyed anyone. If you have never done something in your whole life, then when you do it for the first time, you learn something. Jesus learnt to obey when He came to earth as a Man. Then He not only had to obey His Father, He had to obey Joseph and Mary as well. Joseph and Mary were sinful, imperfect people. They must have made mistakes, just like all parents do. Yet Jesus obeyed them. That must have been difficult. He obeyed and suffered in His obedience. That means that He suffered the pain of denying His own will and obeying His Father, all through His life. That is how He learnt obedience when it cost Him suffering.

"He suffered the pain of denying His own will and obeying His Father, all through His life. That is how He learnt obedience when it cost Him suffering."

Some areas of obedience can be enjoyable. If you tell your child to eat up his ice-cream, he enjoys obeying you. There is no suffering for him there. But when he is playing with his friends and you tell him to stop playing and come in and do his homework, then obedience becomes painful. Even so, in our life, there are certain areas where obedience may be easy and enjoyable. We obey knowing that it is good for us. But the real test of our obedience is when we have to do something that we don’t like to do, something that involves denying our will, something that brings us pain. That is where our obedience is tested.

Jesus learned obedience by denying Himself. Anything that His Father said, “No,” to, He also said, “No” to. He learned obedience through the things He suffered, and at the end of this education “He was made perfect” (Heb. 5:9). “Perfect” here means “complete”. Jesus graduated and got His degree. It is the same degree that we also need to get. We too have to overcome numerous temptations as He did.

What happens if we fail in a test? Then we have to do that test again! When we pass all our tests finally, we get our degree. Then we are overcomers! That is the most important degree in life that we can ever get. Every other degree is, comparatively speaking, rubbish. When Jesus says, “Follow me”, He is asking us to do what He did as the Captain of our salvation. He will never ask us to face a temptation that He Himself never faced. Let us go boldly then to the throne of grace and get grace to help us complete our education. If we have to suffer, we will suffer. But we are determined to learn obedience and complete our education.

In Hebrews 5:9, we read, “Having been made perfect, He became to all those who obey Him the source of eternal salvation.” Jesus has now become the Professor in this college of obedience. He went through the same college from the lowest level to the highest – and obeyed in everything.

We as servants of God are now called to be junior lecturers in this same college of obedience. The more you have learnt obedience through suffering, the more you can be a true servant of the Lord who leads others also to obedience. That alone is true Christian ministry. But if you keep on failing in your tests, how can you be a lecturer in this college?

“He has become to all those who obey Him the source of eternal salvation.”(Heb. 5:9). This “eternal salvation” is not referring to salvation from the penalty of sin, but rather to salvation from the power of sin in daily life..

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-12-2015
January 2016 www. jeevamozhikal.org
Annual Subscription Rs.100/-

# അടുക്കളയിൽ നിന്നൊരു പാഠം

തനിക്കുണ്ടാകുന്ന ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളെക്കുറിച്ചു വിവാഹിതയായ മകൾ വന്ന് അമ്മയോടു പരാതി പറയുകയായിരുന്നു. ദൈവ ഭക്തയായ അമ്മ മകളെ ഒരു പ്രായോഗിക പാഠം പഠിപ്പിക്കാനായി ഉടനെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടു പോയി.

അടുക്കളയിൽ അമ്മ മൂന്നു പാത്രങ്ങളിൽ ഒരേ പോലെ വെള്ളം എടുത്തിട്ട് അവ തിളയ്ക്കാൻ വച്ചു. ആദ്യ പാത്രത്തിലെ വെള്ളത്തിൽ അമ്മ ഒരു ഉരുളക്കിഴങ്ങും രണ്ടാമത്തേതിൽ ഒരു മുട്ടയും മൂന്നാമത്തേതിൽ കാപ്പിപ്പൊടിയും ഇട്ടു.

വെള്ളം തിളച്ചു കഴിഞ്ഞപ്പോൾ മൂന്നു പാത്രങ്ങളും അമ്മ വാങ്ങി വച്ചു. എന്നിട്ട് അമ്മ ഇങ്ങനെ വിശദീകരിച്ചു.

"മോളേ, നോക്ക്. മൂന്നു പാത്രങ്ങളിലും ഒരേ പോലെ വെള്ളം. മൂന്നും ഒരേ സമയം ചൂടാക്കി. മൂന്നും തിളച്ചു. ചൂട് പ്രതികൂല സാഹചര്യത്തെ കാണിക്കുന്നു.

എന്നാൽ ഒരേ പോലെ പ്രതികൂല സാഹചര്യം വന്നപ്പോൾ മൂന്നു വസ്തുക്കളും മൂന്നു തരത്തിലാണു പ്രതികരിച്ചത്. ഉരുളക്കിഴങ്ങ് ആദ്യം നല്ല കട്ടിയുള്ളതായിരുന്നു. എന്നാൽ തിളച്ച വെള്ളത്തിലൂടെ കടന്നുപോയപ്പോൾ, ഇപ്പോൾ തൊട്ടു നോക്കൂ. അത് അങ്ങേയറ്റം മൃദുലവും മാർദ്ദവവുമുള്ളതായിത്തീർന്നു. എന്നാൽ മുട്ടയുടെ കാര്യം നോക്കുക. പച്ചമുട്ടയുടെ ഉൾവശം വെള്ളംപോലെയാണെന്നു നിനക്കറിയാമല്ലോ. പക്ഷേ തിളച്ച വെള്ളത്തിൽ കിടന്ന ഈ മുട്ടയുടെ തോടു മാറ്റി നോക്കൂ. മുട്ടയുടെ ഉൾവശം ഇപ്പോൾ കട്ടിയായി. പ്രതികൂല സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ നീ ഉരുളക്കിഴങ്ങു പോലെ മൃദുലമാകുകയാണോ അതോ മുട്ടപോലെ കഠിനമാകുകയാണോ? സാഹചര്യം ഒന്ന്; പക്ഷേ പ്രതികരണം രണ്ടു വിധത്തിൽ. ദൈവം നമ്മെ കൂടുതൽ മാർദ്ദവമുള്ളവരാക്കാൻ പ്രതികൂല സാഹചര്യത്തിലൂടെ കടത്തിവിടുമ്പോൾ നീ ഏതു വിധത്തിൽ പ്രതികരിക്കുന്നു?

മൂന്നാമത്തെ പാത്രത്തിലെ കാപ്പിപ്പൊടി തിളച്ച വെള്ളത്തിലൂടെ കടന്നു പോയപ്പോൾ അത് അതിന്റെ രുചിയും സ്വാദും ആ വെള്ളത്തിനു നൽകി സ്വയം ഇല്ലാതായി. പ്രതികൂല സാഹചര്യത്തിലൂടെ കടന്നു പോകുമ്പോൾ നമ്മിൽ നിന്നുയരുന്ന ഗന്ധം എന്താണ്? നാം മറ്റുള്ളവരെ രുചിപ്പെടുത്തുന്നവരാകുന്നുണ്ടോ?": അമ്മ പറഞ്ഞു നിർത്തി.

അടുക്കളയിൽ നിന്നു പഠിച്ച പാഠം നൽകിയ തെളിഞ്ഞ മുഖത്തോടെ മകൾ ഭർത്തൃ ഗൃഹത്തിലേക്കു സസന്തോഷം മടങ്ങി.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.